15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2640 — 27-02-2023 - ൽ മറുപടിയ്ക്ക്

## മയ്യനാട് സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപ തട്ടിപ്പിന്മേലുള്ള അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മയ്യനാട് സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | മയ്യനാട് സർവീസ് സഹകരണ ബാങ്കിൽ നിലവിലുള്ള ജീവനക്കാരും മുൻജീവനക്കാരും കഴിഞ്ഞ പത്തുവർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകളായ വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ സംബന്ധിച്ചും, ബാങ്കിൽ നിലവിലുള്ള ജീവനക്കാർക്കും മുൻജീവനക്കാർക്കും കഴിഞ്ഞ പത്തു വർഷങ്ങളിൽ നൽകിയ ഉദ്യോഗ കയറ്റങ്ങൾ സംബന്ധിച്ചും, ബാങ്കിലെ നിലവിലുള്ള ജീവനക്കാരുടെ ബന്ധുക്കളും സ്വന്തക്കാരും കഴിഞ്ഞ പത്തു വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകളായ വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ സംബന്ധിച്ചും കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരം പരിശോധന നടത്തിയിട്ടുള്ളതാണ്. |
| (ബി) | അന്വേഷണത്തിലുള്ള കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; | (ബി) | മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2294 ൽ കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം നടത്തിയ പരിശോധനയിൽ ദിവസ വേതന അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ജീവനക്കാരെ നിയമിച്ചിട്ടുള്ളതായും ബാങ്കിൽ നിലവിലുള്ള ജീവനക്കാർ, നിലവിലുള്ള ജീവനക്കാരുടെ ബന്ധുക്കൾ, സ്വന്തക്കാർ, മുൻ ജീവനക്കാർ, മുൻ ജീവനക്കാരുടെ ബന്ധുക്കൾ ,സ്വന്തക്കാർ, ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്നിവർ വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവയിൽ ക്രമവിരുദ്ധമായ സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടുള്ളതായും ജീവനക്കാർ, ജീവനക്കാരുടെ ബന്ധുക്കൾ എന്നിവരുടെ ഭവന നിർമ്മാണ വായ്പ, ജീവനക്കാരുടെ വാഹന വായ്പ, സംഘത്തിലെ ജി.ഡി.സി.എസ് പ്രവർത്തനം, ജീവനക്കാരുടെ സ്ഥിര നിക്ഷേപം, കുടിശ്ശിക |

| | | | |
|---|---|---|---|
| | | | നിവാരണം പദ്ധതിയുടെ കാലാവധിയിൽ അല്ലാതെ വായ്പകൾക്ക് ഇളവ് അനുവദിച്ചത്, എസ്.എൽ.എഫ് കാർഷിക വായ്പ പദ്ധതി, കെ.സി.സി വായ്പ പദ്ധതി, ബാങ്കിലെ നിലവിലുള്ള ജീവനക്കാർക്കും മുൻ ജീവനക്കാർക്കും നൽകിയ ഉദ്യോഗക്കയറ്റം എന്നിവയിൽ ക്രമക്കേട് നടന്നിട്ടുള്ളതായും, ജാമ്യ വസ്തുക്കൾക്ക് ക്രമപ്രകാരമല്ലാതെ ഭരണസമിതി അംഗങ്ങൾ അധിക പലിശ നിരക്കിൽ കമ്പോള വില നിശ്ചയിച്ച് വായ്പ നൽകിയിട്ടുള്ളതായും , സംഘത്തിൽ കാലാകാലങ്ങളിൽ അധികാരത്തിലിരിക്കുന്ന ഭരണസമിതിയും, സെക്രട്ടറിമാരും സംഘം ഫണ്ട് ദുർവിനിയോഗം ചെയ്ത് സംഘത്തിന് ഭീമമായ നഷ്ടം വരുത്തിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു |

സെക്ഷൻ ഓഫീസർ

# 1969 - ലെ കേരളാ സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട്

# മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2294

# 1969 - ലെ കേരളാ സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട്

# മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2294

**കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്**

(ഹാജർ : ബി എസ് പ്രവീൺ ദാസ് )

**നമ്പർ. JRGKLM/1871/2021/സി ആർ.പി** **തീയതി. 15/09/2021**

വിഷയം: മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2294-ബാങ്കിലെ നിലവിലുള്ള ജീവനക്കാരുടെയുംഅവരുടെ സ്വന്തക്കാരുടെയും,ബന്ധുക്കളുടെയും ബാധ്യതകൾ,മുൻജീവനക്കാരുടെയും അവരുടെ സ്വന്തക്കാരുടെയും , ബന്ധുക്കളുടെയും ബാധ്യതകൾ, ആയതിലെ ക്രമക്കേടുകൾ -കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരം പരിശോധന നടത്തുന്നതിന് ഉത്തരവാകുന്നു.

പരാമർശം:- 1)ശ്രീ.സുകുമാരൻ 09.09.2021 -ൽ ഈ ആഫീസിൽ സമർപ്പിച്ച പരാതി
2)കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ ജനറലിന്റെ 13.09.2021-ലെ എം.1922/2021 നം.റിപ്പോർട്ട്

2294 നമ്പർ മയ്യനാട് സർവ്വീസ് സഹകരണ ബാങ്കിലെ നിലവിലുള്ള ജീവനക്കാരുടെയും അവരുടെ സ്വന്തക്കാരുടെയും ,ബന്ധുക്കളുടെയും ബാധ്യതകൾ സംബന്ധിച്ച് ശ്രീ.എ. ശ്രീ.സുകുമാരൻ സൂചന (1) പ്രകാരം പരാതി സമർപ്പിച്ചിരുന്നു

മേൽ വിവരിച്ച പരാതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് നിർദ്ദേശം നൽകിയതിൽ സൂചന(1) പരാതി അന്വേഷിച്ച് സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ടി റിപ്പോർട്ടിൽ ബാങ്കിലെ നിലവിലുള്ള ജീവനക്കാരുടെയും ,മുൻ ജീവനക്കാരുടെയും അവരുടെ ബന്ധുക്കളുടെയും ,സ്വന്തക്കാരുടെയും വായ്പയിലും ,ജി.ഡി.സി.എസുകളിലും ,അഡ്വാൻസുകളിലും ബാധ്യതകൾ ഉള്ളതായും ആയതിൽ കൂടുതൽ പരിശോധന ആവശ്യമാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സൂചന (1) പരാതി സൂചന (2 പ്രകാരം ഉള്ള കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ റിപ്പോർട്ടും പരിശോധിച്ചതിൽ ടി ബാങ്കിൽ പൊതുവായ ഒരു പരിശോധന ആവശ്യമാണെന്ന് എനിക്ക് ഉത്തമ ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 (1) പ്രകാരം പരിശോധന നടത്തുന്നതിന് ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

2294 നമ്പർ മയ്യനാട് സർവ്വീസ് സഹകരണ ബാങ്കിൽ ചുവടെ ചേർക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരം പരിശോധന നടത്തുന്നതിന് കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ആഫീസ് ഇൻസ്പെക്ടർ ശ്രീ.അരുൺ .എം.ജി,സീനിയർ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലം

**അന്വേഷണ വിഷയങ്ങൾ**

1) ബാങ്കിൽ നിലവിലുള്ള ജീവനക്കാർ കഴിഞ്ഞ പത്ത് വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ (വായ്പ, ജി.ഡി.സി.എസ് ,അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച്

2) ബാങ്കിലെ മുൻ ജീവനക്കാർ കഴിഞ്ഞ പത്ത് വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ (വായ്പ,ജി.ഡി.സി.എസ് ,അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച്

(മറുപുറം)

3)ബാങ്കിലെ നിലവിലുള്ള ജീവനക്കാർക്ക് കഴിഞ്ഞ പത്ത് വർഷങ്ങളിൽ നൽകിയ ഉദ്യോഗകയറ്റങ്ങൾ സംബന്ധിച്ച്
4)ബാങ്കിലെ മുൻ ജീവനക്കാർക്ക് കഴിഞ്ഞ പത്ത് വർഷങ്ങളിൽ നൽകിയ ഉദ്യോഗകയറ്റങ്ങൾ സംബന്ധിച്ച്
5)ബാങ്കിലെ നിലവിലുള്ള ജീവനക്കാരുടെ ബന്ധുക്കളുടെയും ,സ്വന്തക്കാരുടെയും കഴിഞ്ഞ പത്ത് വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ (വായ്പ,ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച്
6)ബാങ്കിലെ മുൻ ജീവനക്കാരുടെ ബന്ധുക്കളുടെയും ,സ്വന്തക്കാരുടെയും കഴിഞ്ഞ പത്ത് വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ (വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച്

ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം പരിശോധന പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്

ജോയിന്റ് രജിസ്ട്രാർ (ജനറൽ), കൊല്ലം

OFFICE OF THE JOINT REGISTRAR OF CO-OPERATIVE SOCIETIES (GENERAL) KOLLAM

ശ്രീ.അരുൺ .എം.ജി,

സീനിയർ ഇൻസ്പെക്ടർ

ആഫീസ് ഇൻസ്പെക്ടർ

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കൊല്ലം

<u>പകർപ്പ്</u>

(1) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കൊല്ലം
(2) അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്), കൊല്ലം
(3) ജനറൽ മാനേജർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, സി .പി. സി കൊല്ലം
(4) സെക്രട്ടറി,സർക്കിൾ സഹകരണ യൂണിയൻ, കൊല്ലം
(5) പ്രസിഡന്റ്/സെക്രട്ടറി,
മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക്. നമ്പർ (ക്ലിപ്തം)2294
കൂട്ടിക്കട പി ഒ (രജിസ്റ്റേർഡ് കൈപ്പറ്റ് രസീത് സഹിതം)
(6) കരുതൽ/അധികം

കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്.
(ഹാജർ: മോഹനൻപോറ്റി.എസ്)

നമ്പർ. JRGKLMJ/1871/2021-CRP

തീയതി. 22/11/2021

വിഷയം :- സഹകരണ വകുപ്പ് - മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2294- കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനാ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) [illegible] 15.09.2021 -ലെ JRGKLM. 1871 2021 സി.ആർ.പി നമ്പർ ഉത്തരവ്.
2) [illegible]

2294 നമ്പർ മയ്യനാട് സർവ്വീസ് സഹകരണ ബാങ്കിലെ നിലവിലുള്ള ജീവനക്കാർ, മുൻ ജീവനക്കാർ എന്നിവർ ബാങ്കിൽ നടത്തിയ ഇടപാടുകൾ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുന്നതിന് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

[illegible]

മേൽ സാഹചര്യത്തിൽ.സൂചന (2) പ്രകാരമുള്ള കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശുപാർശ പരിഗണിച്ച് ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടവിക്കുന്നു.

ഉത്തരവ്

2294- നമ്പർ മയ്യനാട് സർവ്വീസ് സഹകരണ ബാങ്കിൽ സൂചന (1) ഉത്തരവ് പ്രകാരം നടന്നു കൊണ്ടിരിക്കുന്ന കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയുടെ കാലാവധി 15.10.2021 [illegible] കൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു.

ടി സമയപരിധിക്കുള്ളിൽ പരിശോധന പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

JOINT REGISTRAR

ശ്രീ. അരുൺ. എം.ജി
സീനിയർ ഇൻസ്പെക്ടർ, പരിശോധന ഉദ്യോഗസ്ഥ ൻ/ആഫീസ് ഇൻസ്പെക്ടർ

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കൊല്ലം

പകർപ്പ്,

1. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കൊല്ലം.
2. അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്), കൊല്ലം
3. ബ്രാഞ്ച് മാനേജർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കൊല്ലം
4. സെക്രട്ടറി,സർക്കിൾ സഹകരണ യൂണിയൻ, കൊല്ലം
5. കരുതൽ/അധികം
6. പ്രസിഡന്റ്/സെക്രട്ടറി,
   2294 നമ്പർ മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക്.

നമ്പർ. 17-10/2021

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, ചാത്തന്നൂർ
സിവിൽ സ്റ്റേഷൻ, കൊല്ലം
തീയതി. 20.09.2021

[illegible]
വകുപ്പ് 66(1) പരിശോധന ഉദ്യോഗസ്ഥൻ/
സീനിയർ ഇൻസ്പെക്ടർ
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്
ചാത്തന്നൂർ

പ്രസിഡന്റ്/സെക്രട്ടറി
ഉളിയനാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം 2294
[illegible]. പി.ഒ.
ഉളിയനാട്.

സർ,

വിഷയം: ഉളിയനാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം 2294-ൽ സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം പരിശോധന നടത്തൽ - സംബന്ധിച്ച്

സൂചന: സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ 15.09.2021 തീയതിയിലെ JRGKLM/1841/2021 സി.ആർ.പി. നമ്പർ ഉത്തരവ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഉളിയനാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2294-ൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എന്നെ നിയോഗിച്ചിരിക്കുകയാണ്. ആയതിനാൽ ടി പരിശോധന വിഷയവുമായി ബന്ധപ്പെട്ട് രേഖകളും, ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു. പരിശോധനാ വിഷയവുമായി ബന്ധപ്പെട്ട് ഭരണസമിതി അംഗങ്ങളെ സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

[illegible]
വകുപ്പ് 66(1) പരിശോധന ഉദ്യോഗസ്ഥൻ/
സീനിയർ ഇൻസ്പെക്ടർ/ അസിസ്റ്റന്റ്
രജിസ്ട്രാർ (ജനറൽ) ഓഫീസ്, ചാത്തന്നൂർ

Received
(ഒപ്പ്)
20/9/2021

6995010/2023/OS (CO-OP)

I/5625923/2023

# സൂചിക


| ക്രമ നമ്പർ | വിവരങ്ങൾ | | പേജ് നമ്പർ |
|---|---|---|---|
| 1 | അന്വേഷണ റിപ്പോർട്ട് | | 1-84 |
| 2 | അനുബന്ധം – 1 | വായ്പയിൽ നൽകിയ ഇളവ് തിരികെ ഈടാക്കുവാൻ | 85 |
| 3 | അനുബന്ധം – 2 | ജീവനക്കാരൻ പിരിഞ്ഞുപോകുന്ന തീയതിക്ക് മുന്നേ ആനുകൂല്യം കൈപ്പറ്റിയതിന് സംഘത്തിനുണ്ടായ നഷ്ടം ഈടാക്കുവാൻ | 87 |
| | ക്രമപ്രകാരമല്ലാതെ നൽകിയ ഭവന നിർമ്മാണ വായ്പാ കണക്ക് പുനർനിർണയിച്ചത്- സംഘത്തിനുണ്ടായ നഷ്ടം ഈടാക്കുവാൻ: | | |
| 4 | അനുബന്ധം – 3 | ശ്രീ. രാധാകൃഷ്ണൻ എസ് | 39-96 |
| 5 | അനുബന്ധം – 4 | ശ്രീ. ചന്ദ്രബാബു കെ. എസ് | 97-104 |
| 6 | അനുബന്ധം – 5 | ശ്രീമതി പ്രേമകുമാരി. കെ | 105-112 |
| 7 | അനുബന്ധം – 6 | ശ്രീ. ഷെരീഫ് കെ എ | 113-118 |
| 8 | അനുബന്ധം – 7 | ശ്രീമതി ഗിരിജാകുമാരി എം | 119-126 |
| 9 | അനുബന്ധം – 8 | ശ്രീമതി ശോഭനകുമാരി ഡി | 127-134 |
| 10 | അനുബന്ധം – 9 | ശ്രീ. ചന്ദ്രസേനൻ ബി | 135-140 |
| 11 | അനുബന്ധം – 10 | ശ്രീമതി ശ്രീലത.എസ് | 141-148 |
| 12 | അനുബന്ധം – 11 | ശ്രീ. ഷാജിഹാൻ എം | 149-154 |
| 13 | അനുബന്ധം – 12 | ശ്രീ. രാജീവ് കുമാർ.സി.എസ് | 155-158 |
| 14 | അനുബന്ധം – 13 | ശ്രീ. പ്രസന്നൻ | 159-162 |
| 15 | അനുബന്ധം – 14 | ശ്രീ. ലാലി.എൻ | 163-168 |
| 16 | അനുബന്ധം – 15 | ശ്രീ. ഹാഷിം. എ | 169-174 |
| 17 | അനുബന്ധം – 16 | ശ്രീ. പ്രവീൺ. ആർ | 175-[illegible] |
| 18 | അനുബന്ധം – 17 | ശ്രീ. നവാസ് എ | 181-[illegible] |
| 19 | അനുബന്ധം – 18 | ശ്രീ. സന്തോഷ് കുമാർ.കെ | 185-186 |
| 20 | അനുബന്ധം – 19 | ശ്രീ. സിത്ത് എസ്.ഡി | 187-188 |
| 21 | അനുബന്ധം – 20 | ക്രമപ്രകാരമല്ലാതെ നൽകിയ വാഹന വായ്പ കണക്ക് പുനർനിർണയിച്ച് - സംഘത്തിനുണ്ടായ നഷ്ടം ഈടാക്കുവാൻ (വായ്പ കണക്ക് അവസാനിച്ചത്) | 189-[illegible] |
| 22 | അനുബന്ധം – 21 | ക്രമപ്രകാരമല്ലാതെ നൽകിയ വാഹന വായ്പ കണക്ക് പുനർനിർണയിച്ച് - സംഘത്തിനുണ്ടായ നഷ്ടം ഈടാക്കുവാൻ (വായ്പ കണക്ക് തുടരുന്നത്) | 221-238 |
| 23 | അനുബന്ധം – 22 | ജി.ഡി.സി.എസ്-കൾക്ക് വ്യവസ്ഥയില്ലാതെ ഇളവ് അനുവദിച്ചത് - സംഘത്തിനുണ്ടായ നഷ്ടം ഈടാക്കുവാൻ | 239-270 |
| 24 | അനുബന്ധം – 23 | ജീവനക്കാർക്കു, ബന്ധുക്കൾക്കും, മറ്റൊരു സംഘത്തിനും ക്രമപ്രകാരമല്ലാതെ നിക്ഷേപത്തിന് സീനിയർ സിറ്റിസൺ വിഭാഗങ്ങൾക്കുള്ള പലിശ നൽകിയത്- സംഘത്തിൽ ഉണ്ടായ നഷ്ടം ഈടാക്കുവാൻ | 271-274 |
| 25 | അനുബന്ധം – 24 | ജീവനക്കാർക്കു, ബന്ധുക്കൾക്കും, മറ്റൊരു സംഘത്തിനും ക്രമപ്രകാരമല്ലാതെ നിക്ഷേപത്തിന് സ്റ്റാഫ് വിഭാഗങ്ങൾക്കുള്ള പലിശ നൽകിയത്- സംഘത്തിൽ ഉണ്ടായ നഷ്ടം ഈടാക്കുവാൻ | 275-294 |
| 26 | അനുബന്ധം – 25 | കുടിശ്ശിക നിവാരണം പദ്ധതികൾ നിലവിൽ ഇല്ലാത്ത കാലത്ത് സംഘത്തിലെ അംഗങ്ങൾക്ക് പലിശയിനത്തിലും പിഴപ്പലിശയിനത്തിലും ഇളവുകൾ അനുവദിച്ചത് - സംഘത്തിൽ ഉണ്ടായ നഷ്ടം ഈടാക്കുവാൻ | 295-304 |
| 27 | അനുബന്ധം – 26 | മൊഴി | 305-372 |
| 28 | 2020 -21 സാമ്പത്തിക വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റും, മെമ്മോറാണ്ടവും | | 373-410 |
| 29 | 01.04.2021 മുതൽ 31.12.2021 വരെയുള്ള താത്കാലിക ബാക്കിപത്രം | | 411-[illegible] |

## 1969- ലെ കേരളാ സഹകരണ നിയമം വകുപ്പ് 66 (1) പ്രകാരമുള്ള പരിശോധന റിപ്പോർട്ട്

| | | |
|---|---|---|
| സംഘത്തിന്റെ പേര് | : | മയ്യനാട് സർവീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2294 |
| പരിശോധന ഉദ്യോഗസ്ഥന്റെ പേര് | : | അരുൺ എം. ജി, സീനിയർ ഇൻസ്പെക്ടർ/ ആഫീസ് ഇൻസ്പെക്ടർ, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ കാര്യാലയം, സിവിൽ സ്റ്റേഷന് സമീപം, കൊല്ലം |
| പരിശോധന ഉത്തരവ് നമ്പർ | : | കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 15.09.2021, 22.11.2021 എന്നി തിയതികളിലെ JRGKLM/1871/2021/സി ആർ.പി നമ്പർ ഉത്തരവുകൾ |
| പരിശോധന വിഷയം | : | 1. ബാങ്കിൽ നിലവിലുള്ള ജീവനക്കാർ കഴിഞ്ഞ പത്തു വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ (വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച്<br>2. ബാങ്കിൽ മുൻ ജീവനക്കാർ കഴിഞ്ഞ പത്തു വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ (വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച്<br>3. ബാങ്കിലെ നിലവിലുള്ള ജീവനക്കാർക്ക് കഴിഞ്ഞ പത്തു വർഷങ്ങളിൽ നൽകിയ ഉദ്യോഗക്കയറ്റങ്ങൾ സംബന്ധിച്ച്<br>4. ബാങ്കിലെ മുൻ ജീവനക്കാർക്ക് കഴിഞ്ഞ പത്തു വർഷങ്ങളിൽ നൽകിയ ഉദ്യോഗക്കയറ്റങ്ങൾ സംബന്ധിച്ച്<br>5. ബാങ്കിലെ നിലവിലുള്ള ജീവനക്കാരുടെ ബന്ധുക്കളുടെയും സ്വന്തക്കാരുടെയും കഴിഞ്ഞ പത്തു വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ (വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച്<br>6. ബാങ്കിലെ മുൻ ജീവനക്കാരുടെ ബന്ധുക്കളുടെയും സ്വന്തക്കാരുടെയും കഴിഞ്ഞ പത്തു വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ (വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച് |

കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 15.09.2021 തീയതിയിലെ JRGKLM/1871/2021/സി ആർ.പി നമ്പർ ഉത്തരവു പ്രകാരം ടി സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം മേൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അന്വേഷണ

ഉദ്യോഗസ്ഥനായി കൊല്ലം താലൂക്ക് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ആഫീസ് ഇൻസ്പെക്ടറായ എന്നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം പരിശോധന വിഷയവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ റെക്കോർഡുകൾ തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും സംഘത്തിന്റെ ഭരണസമിതി അംഗങ്ങൾ, മുൻ ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, ജീവനക്കാർ, മുൻജീവനക്കാർ എന്നിവരെ മുൻകൂർ നോട്ടീസ് നൽകിയത് പ്രകാരം 2021 ഡിസംബർ 23, 24, 2022 ജനുവരി 18 എന്നീ തീയതികളിൽ നേരിട്ട് കേട്ട് മൊഴി രേഖപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലും പരിശോധനാ കാലാവധി ദീർഘിപ്പിക്കുവാൻ കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാത്തിൽ സമയപരിധിക്കുള്ളിൽ പരിശോധനാ പൂർത്തീകരിച്ച് ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നു.

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കൂട്ടിക്കട കേന്ദ്രമാക്കി 20/08/1943-ൽ രജിസ്റ്റർ ചെയ്യപ്പെടുകയും 01/11/1943-മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുള്ള മയ്യനാട് സർവീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2294-ന്റെ നിലവിലെ പ്രവർത്തന പരിധി മയ്യനാട് വില്ലേജിലെ എ,ബി,സി,ഡി, വാർഡുകളും ആയിരംതെങ്ങ് വാർഡിൽ കൊട്ടിയം ആലുംമൂട്-കൂട്ടിക്കട റോഡിൽ പീടികമുക്കിൽ നുന്നും ഉമയനല്ലൂർ ഏലായിൽ വന്നിറങ്ങുന്ന വഴിയുടെ കിഴക്കും വടക്കും ഭാഗങ്ങൾ ഒഴിച്ചുള്ള പ്രദേശവും തെക്കുംകര വാർഡിൽ പുല്ലിച്ചിറ മാമൂട്ടിൽകടവ് റോഡിന് പടിഞ്ഞാറുള്ള ഭാഗങ്ങളും പിണയ്ക്കൽ വാർഡിൽ തട്ടാമല കൂട്ടിക്കട റോഡിൽ അരിവാൾ മുക്കിൽ കിഴക്കോട്ട് ഉമയനല്ലൂർ ഏലയിൽ വന്നിറങ്ങുന്ന വഴിയുടെ തെക്ക് ഭാഗവും ഇരവിപുരം വില്ലേജിൽ ആക്കോലിൽചേരി, മയ്യനാട് തെക്കുംഭാഗം എന്നീ കരകളും ആയിരിക്കും. നിലവിലുള്ള അംഗങ്ങൾക്ക് അവർ ആഗ്രഹിക്കുന്ന കാലത്തോളം ബാങ്കിൽ തുടരാവുന്നതാണ് അതും ഭേദഗതി ചെയ്യപ്പെട്ട പ്രവർത്തന പരിധിയിൽ നിന്നും അംഗങ്ങളെ ചേർക്കാൻ പാടില്ലാത്തതുമാകുന്നു. (സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ 26.04.2021ലെ ഒ.1507/2001 പ്രകാരം പ്രവർത്തന പരിധി പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്)

2019-2020-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സംഘത്തിൽ 26879 അംഗങ്ങളും 5,28,21,978/- രൂപ ഓഹരി മൂലധനവും 297,12,42,463.91രൂപ നിക്ഷേപവും 216,57,44,622.00 രൂപ വായ്പ ബാക്കിനിൽപ്പുമുണ്ട്. സംഘത്തിന്റെ പ്രവർത്തനമൂലധനം 302,20,90,455.26 രൂപയാണ്. സംഘത്തിന്റെ അറ്റനഷ്ടം 29,08,53,466.54 രൂപയുമാണ്.

20.09.2021-ന് പകൽ 09.15-സമയത്ത് സംഘത്തിൽ പരിശോധന ആരംഭിച്ചു. സംഘത്തിന്റ് പ്രവർത്തന സമയം പകൽ സമയം 09.30 മുതൽ 01.00 വരെയും 02.00 മുതൽ 04.15 വരെയെന്നും പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ 09.30 മണിക്ക് മുൻപായി സംഘത്തിലെ ജീവനക്കാരായ ശ്രീ. സന്തോഷ് കുമാർ, ശ്രീ. സിദ്, ശ്രീമതി. ശ്രീജ, ശ്രീ. വിജി, ശ്രീമതി വിനീത, ശ്രീമതി ഷൈനി എന്നിവർ മാത്രമാണ് ഹാജരായത്. സംഘം

സെക്രട്ടറി 09.45-ന് ഹാജരായി. സംഘത്തിന്റ് സേഫ് ലോക്കറിന്റെ താക്കോലുകൾ സൂക്ഷിച്ചിരുന്നത് അക്കൗണ്ടന്റ് ശ്രീമതി ബിനു. കെ. എസ്, സീനിയർ ക്ലാർക്ക് ശ്രീമതി ശ്രീജ ആർ, എന്നിവരായിരുന്നു. 09.30-ന് സംഘം പ്രവർത്തനസജ്ജമാകണമെങ്കിൽ 09.15-ന് തന്നെ പ്രധാനപ്പെട്ട ജീവനക്കാർ സംഘത്തിൽ ഹാജരാകണമെന്നത് അന്നേ ദിവസം പാലിക്കപ്പെട്ടിട്ടില്ല. സംഘത്തിന്റെ നീക്കിയിരിപ്പ് തുക പരിശോധിച്ചതിൽ 53,61,617/- രൂപ (അൻപത്തിമൂന്ന് ലക്ഷത്തി അറുപത്തി ഒന്നായിരത്തി അറുനൂറ്റി പതിനേഴ് രൂപ) നീക്കിയിരിപ്പായി സൂക്ഷിച്ചിട്ടുള്ളത് ബോധ്യപ്പെട്ടുകയും അയത് നാൾവഴിയുമായി പൊരുത്തപ്പെടുകയും ചെയ്തു. സംഘം നിയമാവലിയിൽ വകുപ്പ് 47(14) പ്രകാരം നാൾവഴി അനുസരിച്ചുള്ള നീക്കിയിരുപ്പ് ഹെഡ്ഓഫീസിൽ സെക്രട്ടറിയുടെയും കാഷ്യറുടെയും കൂട്ടുത്തരവാദിത്തത്തിലും സാധാരണഗതിയില ഹെഡ്ഓഫീസിൽ 01.50 കോടി രൂപ കവിഞ്ഞുള്ള തുക കൈവശം വച്ചു കൂടാത്തതും അപ്രകാരം കൂടുതലായി കൈവശം വയ്ക്കുന്ന തുകയ്ക്ക് 18% പലിശ ഉത്തരവാദികൾ നിന്നും ഈടാക്കുന്നതിന് വ്യവസ്ഥയുള്ളതുമാണ്, എന്നാൽ നീക്കിയിരുപ്പ് തുക സെക്രട്ടറിയുടെയും കാഷ്യറുടെയും കൂട്ടുത്തരവാദിത്തല്ലാ സൂക്ഷിച്ചിരുന്നത് എന്ന് കാണുന്നു. 01.04.2021 മുതലുള്ള നീക്കിയിരിപ്പ് തുക കണക്ക് പരിശോധിച്ചതിൽ പല ദിവസങ്ങളിലും സംഘം ഹെഡ്ഓഫീസിൽ 01.50 കോടി രൂപ കവിഞ്ഞുള്ള തുക കൈവശം വച്ചു കൂടായെന്ന വ്യവസ്ഥ സെക്രട്ടറി പാലിച്ചിട്ടില്ല എന്ന് കണ്ടു. ഇത്തരത്തിൽ വ്യവസ്ഥ പാലിക്കാതെ സംഘത്തിൽ നീക്കിയിരുപ്പ് തുക സൂക്ഷിച്ചതിൽ സംഘത്തിനുണ്ടായ നഷ്ടം 67,770/- രൂപ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നു. പട്ടിക ചുവടെ ചേർക്കുന്നു.

| തിയതി | സംഘത്തിൽ സൂക്ഷിച്ചിരുന്ന നീക്കിയിരിപ്പ് തുക | ബൈലാ വ്യവസ്ഥ പ്രകാരം സൂക്ഷിക്കേണ്ട നീക്കിയിരിപ്പ് തുക | അധികരിച്ച് സൂക്ഷിച്ച തുക | ബൈലാ വ്യവസ്ഥ പ്രകാരം അധികരിച്ച് സൂക്ഷിച്ച തുകയ്ക്ക് ഈടാക്കേണ്ട പലിശ 18% |
|---|---|---|---|---|
| 05.04.2021 | 1,50,40,131 | 1,50,00,000 | 40,131 | 20 |
| 23.04.2021 | 1,51,29,185 | 1,50,00,000 | 1,29,185 | 64 |
| 26.04.2021 | 1,69,63,771 | 1,50,00,000 | 19,63,771 | 968 |
| 17.05.2021 | 1,50,31,332 | 1,50,00,000 | 31,332 | 15 |
| 19.05.2021 | 1,58,80,094 | 1,50,00,000 | 8,80,094 | 434 |
| 21.05.2021 | 1,68,39,135 | 1,50,00,000 | 18,39,135 | 907 |
| 24.05.2021 | 2,00,03,961 | 1,50,00,000 | 50,03,961 | 2468 |
| 02.06.2021 | 1,73,65,930 | 1,50,00,000 | 23,65,930 | 1167 |
| 04.06.2021 | 2,25,08,474 | 1,50,00,000 | 75,08,474 | 3703 |
| 07.06.2021 | 2,26,24,385 | 1,50,00,000 | 76,24,385 | 3760 |
| 21.06.2021 | 1,79,23,071 | 1,50,00,000 | 29,23,071 | 1442 |
| 23.06.2021 | 1,98,89,024 | 1,50,00,000 | 48,89,024 | 2411 |
| 24.06.2021 | 1,95,86,992 | 1,50,00,000 | 45,86,992 | 2262 |
| 25.06.2021 | 2,13,92,911 | 1,50,00,000 | 63,92,911 | 3153 |
| 28.06.2021 | 1,51,24,335 | 1,50,00,000 | 1,24,335 | 61 |
| 29.06.2021 | 1,51,06,365 | 1,50,00,000 | 1,06,365 | 52 |
| 30.06.2021 | 1,56,39,335 | 1,50,00,000 | 6,39,335 | 315 |
| 01.07.2021 | 1,69,80,865 | 1,50,00,000 | 19,80,865 | 977 |

| | | | | |
|---|---|---|---|---|
| 02.07.2021 | 1,62,58,058 | 1,50,00,000 | 12,58,058 | 620 |
| 05.07.2021 | 1,91,05,498 | 1,50,00,000 | 41,05,498 | 2025 |
| 06.07.2021 | 2,14,51,653 | 1,50,00,000 | 64,51,653 | 3182 |
| 07.07.2021 | 2,30,55,120 | 1,50,00,000 | 80,55,120 | 3972 |
| 08.07.2021 | 2,30,45,620 | 1,50,00,000 | 80,45,620 | 3968 |
| 12.07.2021 | 1,51,65,450 | 1,50,00,000 | 1,65,450 | 82 |
| 13.07.2021 | 1,52,30,650 | 1,50,00,000 | 2,30,650 | 114 |
| 14.07.2021 | 1,67,35,321 | 1,50,00,000 | 17,35,321 | 856 |
| 15.07.2021 | 2,21,44,122 | 1,50,00,000 | 71,44,122 | 3523 |
| 20.07.2021 | 1,51,65,480 | 1,50,00,000 | 1,65,480 | 82 |
| 23.07.2021 | 1,80,11,121 | 1,50,00,000 | 30,11,121 | 1485 |
| 26.07.2021 | 2,05,53,069 | 1,50,00,000 | 55,53,069 | 2738 |
| 27.07.2021 | 1,99,32,713 | 1,50,00,000 | 49,32,713 | 2433 |
| 28.07.2021 | 1,87,32,424 | 1,50,00,000 | 37,32,424 | 1841 |
| 29.07.2021 | 1,82,17,982 | 1,50,00,000 | 32,17,982 | 1587 |
| 31.08.2021 | 1,60,21,638 | 1,50,00,000 | 10,21,638 | 504 |
| 01.09.2021 | 1,71,73,005 | 1,50,00,000 | 21,73,005 | 1072 |
| 02.09.2021 | 1,63,66,762 | 1,50,00,000 | 13,66,762 | 674 |
| 03.09.2021 | 1,72,66,266 | 1,50,00,000 | 22,66,266 | 1118 |
| 04.09.2021 | 1,76,52,746 | 1,50,00,000 | 26,52,746 | 1308 |
| 06.09.2021 | 2,14,92,911 | 1,50,00,000 | 64,92,911 | 3202 |
| 07.09.2021 | 2,30,20,625 | 1,50,00,000 | 80,20,625 | 3955 |
| 08.09.2021 | 1,66,96,333 | 1,50,00,000 | 16,96,333 | 837 |
| 09.09.2021 | 1,96,11,120 | 1,50,00,000 | 46,11,120 | 2274 |
| 10.09.2021 | 2,27,76,509 | 1,50,00,000 | 77,76,509 | 3835 |
| 13.09.2021 | 1,73,97,702 | 1,50,00,000 | 23,97,702 | 1182 |
| | | | ആകെ | 67770 |

**1. ഭരണസമിതി അംഗങ്ങളുടെ വിവരം**

**2007 മുതൽ 31.03.2012 വരെയുള്ള ഭരണസമിതി അംഗങ്ങൾ**

| ക്രമ നമ്പർ | പേര് | അംഗ നമ്പർ | മേൽവിലാസം |
|---|---|---|---|
| 1 | അനി. എം | 4296 | കൊച്ചുപുത്തൻ വീട്, താഴത്തുചേരി, കൂട്ടിക്കട പി. ഒ. |
| 2 | അനിൽകുമാർ എ | 4456 | തെക്കേക്കൂമ്പലിൽ, താഴത്തുചേരി, കൂട്ടിക്കട പി. ഒ. |
| 3 | കുമാരദാസ് ജി | 1302 | കലീലഴികം മയ്യനാട് പി. ഒ |
| 4 | പ്രതാപൻ എസ് | 6062 | കാർത്തിക, ആക്കോലിൽ, കൂട്ടിക്കട |
| 5 | മാധവൻപിള്ള ജി | 555 | താന്നോലിൽ, ആക്കോലിൽ, കൂട്ടിക്കട |
| 6 | രാജു ജെ | 13344 | ആനേതാഴത്തു തൊടിയിൽ, ആക്കോലിൽ വാളത്തുംഗൽ പി. ഒ |
| 7 | ശ്രീസുധൻ എൻ | 9908 | രാഗശാല മയ്യനാട് പി ഒ |
| 8 | ഉദയകുമാർ വി | 8279 | മിനി ഭവൻ ആയിരംതെങ്ങ്, കൂട്ടിക്കട പി. ഒ. |
| 9 | സരോജിനി അമ്മ ജി | 2536 | കളരിവിളവീട്, താഴത്തുചേരി, കൂട്ടിക്കട പി. ഒ. |

## 01.04.2012 മുതൽ 01.04.2017 വരെയുള്ള ഭരണസമിതി അംഗങ്ങൾ

| ക്രമ നമ്പർ | പേര് | അംഗ നമ്പർ | മേൽവിലാസം |
|---|---|---|---|
| 1 | ശ്രീസുതൻ എൻ | 9908 | രാഗശാല, മയ്യനാട് പി. ഒ. |
| 2 | സരോജിനി അമ്മ ജി | 2536 | കളരിവിളവീട്, താഴത്തുചേരി, കൂട്ടിക്കട പി. ഒ. |
| 3 | ലൈല എസ് | 3856 | അശോകം, വലിയവിള മയ്യനാട് പി.ഒ. |
| 4 | അനിൽകുമാർ എ | 4456 | തെക്കേക്കുമ്പലിൽ, താഴത്തുചേരി, കൂട്ടിക്കട പി. ഒ. |
| 5 | കുമാരദാസ് ജി | 1302 | കലീലഴികം, മയ്യനാട് പി. ഒ |
| 6 | സുന്ദരൻ വി | 2471 | ശ്രീപത്മം, അരിവാൾ ജംഗ്ഷൻ, വാളത്തുങ്കൽ പി ഒ. |
| 7 | ലെസ്ലി ജോർജ് | 9360 | മുളയഴികം, തെക്കുംകര, പുല്ലിച്ചിറ പി.ഒ |
| 8 | അനി. എം | 4296 | കൊച്ചുപുത്തൻ വീട്, താഴത്തുചേരി, കൂട്ടിക്കട പി. ഒ. |
| 9 | രാജു ജെ | 13344 | ആനേതാഴത്തു തോടിയിൽ, ആക്കോലിൽ വാളത്തുംഗൽ പി. ഒ |
| 10 | നീലകണ്ഠൻ | 2452 | വരിക്കോലിൽ, ആക്കോലി, കൂട്ടിക്കട പി. ഒ |
| 11 | സീലിയ ആർ | 10254 | രാം ഹട്ട്, ആയിരംതെങ്ങ്, കൂട്ടിക്കട പി. ഒ. |

## 02/04/2017 മുതൽ നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

| ക്രമ നമ്പർ | പേര് | അംഗ നമ്പർ | മേൽവിലാസം |
|---|---|---|---|
| 1 | ശ്രീസുതൻ എൻ | 9908 | രാഗശാല, മയ്യനാട് പി. ഒ. |
| 2 | സരോജിനി അമ്മ ജി | 2536 | കളരിവിളവീട്, താഴത്തുചേരി, കൂട്ടിക്കട പി. ഒ. |
| 3 | ലൈല എസ് | 13856 | അശോകം, വലിയവിള, മയ്യനാട് പി.ഒ. |
| 4 | സന്ധ്യാ സുരേഷ് | 16407 | തൊടിയിൽ വീട്, ആയിരംതെങ്ങ്, കൂട്ടിക്കട പി. ഒ. |
| 5 | സജീവ് ഡി | 10895 | വയലിൽവീട്, ആകോലിൽ, വാളത്തുങ്കൽ പി. ഒ. |
| 6 | സുന്ദരൻ വി | 2471 | ശ്രീപത്മം, വാളത്തുങ്കൽ പി ഒ. |
| 7 | ഭദ്രൻ പി | 3613 | രാമത്തോട്, കാക്കോട്ടുമൂല, മയ്യനാട് പി. ഒ. |
| 8 | അനി. എം | 4296 | കൊച്ചുപുത്തൻ വീട്, താഴത്തുചേരി, കൂട്ടിക്കട പി. ഒ. |
| 9 | സജിത് കെ | 7500 | വാഴപ്പള്ളിയിൽ, വാളത്തുങ്കൽ പി. ഒ. |
| 10 | അഭിലാഷ് ആർ. | 10824 | തച്ചിലഴികം, വാളത്തുങ്കൽ പി. ഒ. |
| 11 | അബ്ദുൽ അസീസ് കെ | 13457 | ഫസീല മൻസിൽ, മുക്കം, മയ്യനാട് പി. ഒ. |

## 2. സംഘത്തിൽ കഴിഞ്ഞ 10 വർഷം ചുമതല വഹിച്ച സെക്രട്ടറിമാരുടെ വിവരം

| ക്രമ നമ്പർ | പേര് | വിലാസം | സെക്രട്ടറിയായി ചുമതവയേറ്റ വർഷം | വിരമിച്ച തീയ്യതി |
|---|---|---|---|---|
| 1 | ഗിരിജാകുമാരി | കളിലിൽ വീട്, താഴത്തുചേരി, കൂട്ടിക്കട, കൊല്ലം, 691020 | 01.04.1998 | 31.05.2018 |
| 2 | ചന്ദ്രബാബു | കുളത്തോടം, കൂട്ടിക്കട, കൊല്ലം, 691020 | 01.06.2018 | 31.07.2019 |
| 3. | രാധാകൃഷ്ണൻ എസ് | ദർശന, മയ്യനാട്, കൊല്ലം, 691303 | 01.06.2020 | സെക്രട്ടറിയായി തുടരുന്നു |

## 3. സംഘത്തിന്റെ അംഗീകൃത മൂലധനം

| സാമ്പത്തിക വർഷം | അധികൃത മൂലധനം | | വാഗ്ദത്ത മൂലധനം | | പിരിഞ്ഞു കിട്ടിയ മൂലധനം |
|---|---|---|---|---|---|
| 2020 -2021 | 10 രൂപ വീതം വിലയുള്ള 35,00,000 ഓഹരികൾ | 3,50,00,000 | 10 രൂപ വീതം വിലയുള്ള 52729320 ഓഹരികൾ | 5,27,29,320 | 5,28,21,978 |
| | 5 രൂപ വീതം വിലയുള്ള 20,000 ഓഹരികൾ | 1,00,000 | 5 രൂപ വീതം വിലയുള്ള 3,598 ഓഹരികൾ | 19,435 | |
| | | | 100 5 രൂപ വീതം വിലയുള്ള 79 ഓഹരികൾ | 79,000 | |
| | ആകെ | 3,51,00,000 | | 5,28,27,755 | 5,28,21,978 |

വാഗ്ദത്ത മൂലധനം, അധികൃത മൂലധനത്തെക്കാൾ അധികരിച്ചുനിൽക്കുന്നു, അധികൃത മൂലധനം വർദ്ധിപ്പിക്കുന്നതിന് ബൈലാ ഭേദഗതി വരുത്തുന്നതിന് ഭരണസമിതിക്ക് നിർദ്ദേശം നൽകുന്നതിന് ശുപാർശ ചെയ്യുന്നു.

## 4. നിലവിലുള്ള ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേര് | കോഡ് | തസ്തിക | ജനനത്തിയതി | സ്ത്രീയോ പുരുഷനോ | ജോലിയിൽ പ്രവേശിച്ച തീയതി | മേൽ വിലാസം | നോമിനി | CPF തുടങ്ങിയ തീയതി |
|---|---|---|---|---|---|---|---|---|---|
| 1. | നവാസ് എ | 1987 | ജൂനിയർ ക്ലാർക്ക് | 21-05-1975 | പുരുഷൻ | 10-01-2005 | തോപ്പിൽ വീട്, ആക്കോലിൽ, കുട്ടിക്കട, കൊല്ലം, 691020 | ജിഷ എ | 01-02-2005 |
| 2. | ലാലി.എൻ | 1988 | ശാഖ മാനേജർ | 18-05-1971 | പുരുഷൻ | 10-01-2005 | കല്ലു വീട്, ആക്കോലിൽ, കുട്ടിക്കട, കൊല്ലം, 691020 | ഹസീന.എ കെ | 01-02-2005 |
| 3. | ഹാഷിം.എ | 1989 | അക്കൗണ്ടന്റ് | 14-05-1973 | പുരുഷൻ | 10-01-2005 | സജീന മൻസിൽ, താഴത്തുചേരി, കുട്ടിക്കട, കൊല്ലം, 691020 | സിമി എസ് | 01-02-2005 |
| 4. | സന്തോഷ് കമാർ.കെ. | 1990 | സീനിയർ ക്ലാർക്ക് | 24-04-1976 | പുരുഷൻ | 10-01-2005 | ഇണ്ടു കാട്ടിൽ വീട്, ആയിരംതെങ്ങ്, കുട്ടിക്കട, കൊല്ലം, 691020 | ദിവ്യ | 01-02-2005 |
| 5. | സിത്ത് എസ്.ഡി | 2221 | അക്കൗണ്ടന്റ് | 25-05-1981 | പുരുഷൻ | 31-08-2009 | സിത്ത് വ്യൂ വാളത്തുങ്കൽ, കൊല്ലം, 691011 | അമല | 01-09-2009 |
| 6. | സജീന .എസ് | 2223 | അക്കൗണ്ടന്റ് | 02-05-1976 | സ്ത്രീ | 31-08-2009 | സൽക്കാരം, തേജസ് നഗർ, തട്ടാമല, കൊല്ലം, 691020 | നൗഷാദ് എം | 01-09-2009 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7. | ബിന്ദു കെ.എസ് | 2806 | അക്കൗണ്ടന്റ് | 24-03-1971 | സ്ത്രീ | 26-06-2013 | രേവതി, നടുവിലക്കര, ഉമയനല്ലൂർ, കൊല്ലം, 691589 | മംഗളൻ എസ് | 01-07-2013 |
| 8. | രഞ്ജിത്ത് ആർ.എസ് | 2807 | അക്കൗണ്ടന്റ് | 10-01-1983 | പുരുഷൻ | 09-09-2013 | സുവർണ്ണ ഭവൻ, പുതക്കുളം, കൊല്ലം, 691302 | സുജാത ദേവി | 01-10-2013 |
| 9. | അജികുമാർ എ | 3008 | ജൂനിയർ ക്ലാർക്ക് | 31-05-1981 | പുരുഷൻ | 01-03-2016 | മടവിളാകം, ആയിരംതെങ്ങ്, കുട്ടിക്കട, കൊല്ലം, 691020 | സജിത ആർ | 01-03-2016 |
| 10. | ഷൈനി റ്റി. എം. | 3009 | അറ്റൻഡർ | 30-05-1981 | സ്ത്രീ | 01-03-2016 | വെളിയിൽ പുത്തൻ വീട്, ആക്കോലിൽ, കുട്ടിക്കട, കൊല്ലം, 691020 | പ്രദീപ് എസ് | 01-03-2016 |
| 11. | ഫ്രാൻസിസ്.വൈ | 3010 | അറ്റൻഡർ | 10-05-1988 | പുരുഷൻ | 01-03-2016 | യേശു ഭവൻ, അക്കരത്തോട്ടം, മയ്യനാട്, കൊല്ലം, 691303 | കർമ്മൽ എസ് | 01-03-2016 |
| 12. | പ്രസന്നൻ ബി | 3378 | പി.ടി.എസ് | 15-04-1974 | പുരുഷൻ | 10-01-2005 | ശിവ മന്ദിരം, ആയിരംതെങ്ങ്, കുട്ടിക്കട, കൊല്ലം, 691020 | ബിന്ദു | 01-10-2012 |
| 13. | സന്തോഷ് കുമാർ എസ് | 3379 | അക്കൗണ്ടന്റ് | 20-05-1982 | പുരുഷൻ | 03-09-2012 | സതീഷ് ഭവനം, ഐവർകാല വെസ്റ്റ് നോർത്ത്, പുത്തനമ്പലം, കൊല്ലം, 691553 | അനുമോൾ എ | 01-10-2012 |
| 14. | മണികണ്ഠൻ എസ് | 3481 | സീനിയർ ക്ലാർക്ക് | 20-08-1992 | പുരുഷൻ | 27-11-2017 | കണ്ണപ്പുള്ളുവിള, മയ്യനാട്, മയ്യനാട്, കൊല്ലം, 691303 | വൃന്ദ രാജ് | 01-12-2017 |
| 15. | സുവർണ്ണ | 3482 | സീനിയർ ക്ലാർക്ക് | 07-09-1982 | സ്ത്രീ | 27-11-2017 | സുധ മന്ദിരം, ടി.കെ.എം.സി, കൊല്ലം, 691005 | പ്രദീപ് കുമാർ എസ് | 01-12-2017 |
| 16. | സിമി | 3483 | സീനിയർ ക്ലാർക്ക് | 19-01-1983 | സ്ത്രീ | 27-11-2017 | ഗുരു സദനം, കിളികൊല്ലൂർ, കല്ലുംതാഴം, കൊല്ലം, 691004 | സുമേഷ് | 01-12-2017 |
| 17. | ആശ | 3484 | സീനിയർ ക്ലാർക്ക് | 08-05-1989 | സ്ത്രീ | 27-11-2017 | ചെട്ടിയരാഴികം, ആയിരംതെങ്ങ്, കുട്ടിക്കട, കൊല്ലം, 691020 | ദിനേശ് ബി | 01-12-2017 |
| 18. | സുകലാൽ എം | 3656 | പ്യൂൺ | 12-03-1976 | പുരുഷൻ | 15-11-2018 | കോട്ടക്കകം, മയ്യനാട്, കൊല്ലം, 691303 | മഞ്ജു ബി | 15-11-2018 |
| 19. | ഗിരീഷ് കെ | 3657 | പ്യൂൺ | 08-04-1978 | പുരുഷൻ | 15-11-2018 | കളീലിൽ പടിഞ്ഞാറ്റതിൽ, കന്നാലുകാവ്, ഇരവിപുരം, കൊല്ലം, 691011 | വത്സല | 15-11-2018 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 20. | അനർഷ കെ ജി | 3658 | പ്യൂൺ | 19-05-1983 | പുരുഷൻ | 15-11-2018 | മഞ്ചാടിക്കൽ, ആയിരംതെങ്ങ്, കുട്ടിക്കട, കൊല്ലം, 691020 | റെജി ആർ ജി | 15-11-2018 |
| 21. | സിസിർ രവി | 3659 | നൈറ്റ് വാച്ച്മാൻ | 19-01-1986 | പുരുഷൻ | 15-11-2018 | പുരം, അക്കോലിൽ, കുട്ടിക്കട, കൊല്ലം, 691020 | ശരണ്യ | 15-11-2018 |
| 22. | സിജോ മൈക്കിൾ | 3660 | ഡ്രൈവർ | 23-12-1984 | പുരുഷൻ | 15-11-2018 | സിജോ കോട്ടേജ്, കാക്കോട്ടുമൂല, മയ്യനാട്, കൊല്ലം, 691303 | പ്രീതി | 15-11-2018 |
| 23. | മുംതാസ് ഇ | 3661 | പി.ടി.എസ് | 30-05-1976 | സ്ത്രീ | 15-11-2018 | വെളിയിൽ വീട്, ആക്കോലിൽ, കുട്ടിക്കട, കൊല്ലം, 691020 | മുനീറ എൻ | 15-11-2018 |
| 24. | ബിജിമോൾ പി | 3662 | പി.ടി.എസ് | 21-05-1975 | സ്ത്രീ | 15-11-2018 | കളരിവിള, ആയിരംതെങ്ങ്, കുട്ടിക്കട, കൊല്ലം, 691020 | രാജേന്ദ്രൻ പിള്ള പി | 15-11-2018 |
| 25. | അർച്ചന എസ് | 3671 | സീനിയർ ക്ലാർക്ക് | 31-05-1991 | സ്ത്രീ | 23-07-2018 | അർച്ചന ഭവൻ, പ്ലാക്കോട്, എടക്കിടം, കൊല്ലം, 691505 | ഷാജി എസ് | 01-08-2018 |
| 26. | ശ്രീജ ആർ | 3672 | സീനിയർ ക്ലാർക്ക് | 10-05-1982 | സ്ത്രീ | 13-08-2018 | ദ്വാരക, പിറവന്തൂർ, എലിക്കാട്ടൂർ, കൊല്ലം, 689696 | സജീവ് കുമാർ ജി | 01-09-2018 |
| 27. | വിജി എസ് എസ് | 3673 | ജൂനിയർ ക്ലാർക്ക് | 30-05-1984 | സ്ത്രീ | 04-09-2018 | ഉണ്ടിൽ വീട്, തഴുത്തല, കൊട്ടിയം, കൊല്ലം, 691571 | മനോജ് പി | 04-09-2018 |
| 28. | വിനിത സി | 3994 | ജൂനിയർ ക്ലാർക്ക് | 14-05-1983 | സ്ത്രീ | 06-09-2019 | ചന്ദ്ര ഭവൻ, കൈതക്കോട്, പവിത്രേശ്വരം, കൊല്ലം, 691543 | സതീഷ് കുമാർ സി | 06-09-2019 |
| 29. | ജ്യോതിഷ എ | 4021 | പ്യൂൺ | 13-05-1990 | സ്ത്രീ | 26-12-2019 | പ്രമോദ് ഭവൻ, താഴത്തുചേരി, കുട്ടിക്കട, കൊല്ലം, 691020 | പ്രവീൺ ബാബു എസ് | 01-01-2020 |
| 30. | രാധാകൃഷ്ണൻ എസ് | 987 | സെക്രട്ടറി | 10-05-1972 | പുരുഷൻ | 04-09-1995 | ദർശന, മയ്യനാട്, കൊല്ലം, 691303 | നിഷ | 01-10-1995 |
| 31. | രാജീവ് കുമാർ.സി. എസ് | 988 | ഇന്റേണൽ ഓഡിറ്റർ | 15-05-1970 | പുരുഷൻ | 04-09-1995 | കൗസ്തുഭം, കന്നിമേൽ ചേരി, കാവനാട്, കൊല്ലം, 691003 | ആനന്ദവല്ലി ജി | 01-10-1995 |
| 32. | ശ്രീലത എസ് | 989 | അസിസ്റ്റന്റ് സെക്രട്ടറി | 26-05-1971 | സ്ത്രീ | 04-09-1995 | മോഹനവിലാസം, ചിറ്റയം, പനയം, കൊല്ലം, 691601 | ബാബു എ | 01-10-1995 |

**5. 2011 മുതൽ 2021 വരെ സംഘത്തിൽ ജോലി ചെയ്തിട്ടുള്ളതും പിരിഞ്ഞു പോയിട്ടുള്ളതുമായ ജീവനക്കാരുടെ വിവരങ്ങൾ**

| ക്രമ നമ്പർ | പേര് | വിരമിച്ച തിയ്യതി | വിരമിച്ചപ്പോൾ വഹിച്ചിരുന്ന ചുമതല | മേൽ വിലാസം |
|---|---|---|---|---|
| 1 | ഗിരിജാകുമാരി | 31.05.2018 | സെക്രട്ടറി (റിട്ട.) | കളിലിൽ വീട്, താഴത്തുചേരി, കുട്ടിക്കട, കൊല്ലം, 691020 |
| 2 | പ്രേമകുമാരി | 31.05.2018 | ചീഫ് അക്കൗണ്ടന്റ് (റിട്ട.) | ശ്രീലകം വാളത്തുംഗൽ |
| 3 | ചന്ദ്രബാബു കെ എസ് | 31.07.2019 | സെക്രട്ടറി (റിട്ട.) | കളത്തോടം കുട്ടിക്കട |
| 4 | ചന്ദ്രസേനൻ ബി | 31.12.2018 | അക്കൗണ്ടന്റ് (റിട്ട.) | സുമംഗലി വാളത്തുങ്കൽ |
| 5 | ഷെരീഫ് കെ എ | 31.05.2017 | അക്കൗണ്ടന്റ് (റിട്ട.) | കൊച്ചു കിഴക്കതിൽ കുട്ടിക്കട |
| 6 | ശോഭനകുമാരി ഡി | 30.06.2020 | അക്കൗണ്ടന്റ് (റിട്ട.) | പുത്തൻവിള, പുന്നക്കന്നൂർ |
| 7 | പ്രവീൺ ആർ | | ജൂനിയർ ക്ലാർക്ക് (പിരിച്ചുവിട്ടു) | പുത്തൻ വീട്, കുട്ടിക്കട |
| 8 | ഷാജിഹാൻ എം | 31.05.2016 | അറ്റൻഡർ (റിട്ട.) | വസന്ത വിലാസം, വടക്കുംകര, ഉമയനല്ലൂർ |
| 9 | ചിത്ര | 30.04.2021 | ജൂനിയർ ക്ലാർക്ക് (രാജി) | ചിത്രാ ഭവൻ, കറ്റാനം |
| 10 | ഗീത | 31.03.2016 | അക്കൗണ്ടന്റ് (റിട്ട.) | ശാന്ത ഭവൻ, വാളത്തുങ്കൽ |
| 11 | സുഗന്ധി | 29.07.2015 | ജൂനിയർ ക്ലാർക്ക് (രാജി) | കോതേമഴികം, തട്ടാമല |
| 12 | ശ്യാം കുമാർ | 01.08.2013 | ജൂനിയർ ക്ലാർക്ക് (രാജി) | പറമ്പിലഴികം തെക്കതിൽ വീട്, കിളികൊല്ലൂർ |
| 13 | സൂര്യ | 07.05.2013 | ജൂനിയർ ക്ലാർക്ക് (രാജി) | |
| 14 | സദാശിവൻ ബി. | 31.11.2015 | അപ്രൈസർ (റിട്ട.) | ലീലാ മന്ദിരം, ആയിരംതെങ്ങ്, കുട്ടിക്കട |

**6. ദിവസവേതന അടിസ്ഥാനത്തിൽ അതിൽ സംഘത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർ**

| | | |
|---|---|---|
| 1 | കിഷോർ | ദിവസ വേതനം |
| 2 | അഷ്റഫ് | ദിവസ വേതനം |
| 3 | സലാഹുദ്ദീൻ | ദിവസ വേതനം |
| 4 | രഞ്ജിത് | ദിവസ വേതനം |
| 5 | ഹരികൃഷ്ണൻ | ദിവസ വേതനം |
| 6 | വിജയൻ | ദിവസ വേതനം |

സഹകരണ സംഘം രജിസ്ട്രാറുടെ 09.11.2011-ലെ 79/2011-ാം നമ്പർ സർക്കുലർ പ്രകാരം സംഘങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം പാടുള്ളതല്ല എന്ന നിർദ്ദേശം സംഘം ഭരണസമിതി പാലിച്ചിട്ടില്ലാത്തതായ് കാണുന്നു. ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ അവസാനിപ്പിക്കുന്നതിന് ഭരണസമിതിക്ക് നിർദ്ദേശം നൽകുന്നതിനു ശുപാർശ ചെയ്യുന്നു.

**7. ബാങ്കിൽ നിലവിലുള്ള ജീവനക്കാരുടെയും നിലവിലുള്ള ജീവനക്കാരുടെ ബന്ധുക്കളുടെയും സ്വന്തക്കാരുടെയും കഴിഞ്ഞ പത്തു വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ (വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച പരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

1. ശ്രീ. നവാസ് എ., ജൂനിയർ ക്ലാർക്ക്, ടിയാന്റെ ഭാര്യ ശ്രീമതി. ജിഷ എ. എന്നിവരുടെ പേരിൽ 04.10.2021-ൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി.എസ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|
| 1 | MDS9/08 | ജിഷ. എ | 001103000007 | 07.05.2011 | 26,000 | 28,647 | 54,697 |
| 2 | MDS6/10 | ജിഷ. എ | 001118000006 | 08.11.2010 | 94,000 | 98,850 | 1,92,875 |
| 3 | MDS1/11 | ജിഷ. എ | 001121000022 | 11.04.2011 | 90,000 | 96,018 | 1,86,018 |
| 4 | MDS1/2013 | ജിഷ. എ | 001136000050 | 09.10.2012 | 2,58,000 | 1,93,849 | 4,51,894 |
| 5 | MDS1/14 | ജിഷ. എ | 001145000006 | 06.01.2016 | 78,000 | 45,365 | 1,23,440 |
| | | | ആകെ | | | | 10,08,924 |

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പാ തുക | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Agricultural Gold Loan | ജിഷ. എ | 002009000098 | 17.10.2020 | 32000 | 32000 | 2160 | 447 | 34607 |
| 2 | Special Agricultural Gold Loan | ജിഷ. എ | 002002012088 | 22.07.2021 | 9000 | 0 | 64 | 0 | 64 |
| 3 | Special Agricultural Gold Loan | ജിഷ. എ | 003002002656 | 20.01.2020 | 41500 | 41500 | 5219 | 938 | 47657 |
| 4 | Medium Term Non Agricultural | ജിഷ. എ | 001002011498 | 10.04.2017 | 500000 | 441649 | 314137 | 29619 | 785405 |
| 5 | Hire Purchase Loan | ജിഷ. എ | 001004000338 | 03.08.2017 | 100000 | 92376 | 31443 | 5185 | 129004 |
| 6 | Kissan Credit Card Loan | ജിഷ. എ | 001003000056 | 08.03.2010 | 46929 | 46929 | 28 | 0 | 46957 |
| | | ആകെ | | | 729429 | 654454 | 353051 | 36189 | 1043694 |

മുകളിലെ പട്ടിക പ്രകാരം ജി.ഡി.സി.എസ് വായ്പയിൽ 10,08,924/- രൂപയും മറ്റു വായ്പകളിലായി 10,43,694/- രൂപയും ചേർത്ത് ആകെ 20,52,618/- രൂപ കുടിശ്ശിക നിലനിൽക്കുന്നു.

ശ്രീമതി ജിഷ എ-യുടെ 001002011498-ാം നമ്പർ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള ഇരവിപുരം വില്ലേജിലെ ബ്ലോക്ക് നമ്പർ 25, റീസർവ്വേ നമ്പർ 640/10/3-ൽ പെട്ട "വെറ്റ് ലാന്റിന്" ഫെയർ വാല്യൂ നിരക്ക് പ്രകാരം ഒരു ആറിന് 24,000/- രൂപയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംഘം ഭരണസമിതി അംഗങ്ങളായ ശ്രീ. അനി എം, ശ്രീമതി സീലിയ, എന്നിവർ 02.02ആർ വസ്തുവിന് 15 ലക്ഷം രൂപ കമ്പോളവില അതായത് ഒര് ആറിന് 7.42ലക്ഷം രൂപ നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ജാമ്യ വസ്തു ഈടായി സ്വീകരിക്കുന്നതിന് നിയമോപദേശം തേടാതെയും 06.10.2014-ലെ 138-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം 001001015597-ാം നമ്പർ വായ്പ അനുവദിച്ചിട്ടുള്ളതും ടി വായ്പയുടെ തുടർച്ചയായി ഭരണ സമിതി തീരുമാനം എടുക്കാതെ വായ്പ പുതുക്കി നൽകിയിട്ടുള്ളതാണ്. സംഘത്തിൽ നിന്നും ഭരണസമിതി തീരുമാന പ്രകാരം മാത്രമേ

വായ്പ അനുവദിക്കാവൂ എന്ന വ്യവസ്ഥ പാലിക്കാതെയും ക്രമപ്രകാരമല്ലാതെയുമാണ് വായ്പ അനുവദിച്ചത് എന്ന് കാണുന്നു. നേരിട്ട് പരിശോധന നടത്തിയതിൽ ടി വസ്തു നിലത്തിന് സമീപമുള്ള വെള്ളക്കെട്ടുള്ള ഭൂമിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിൽനിന്നും ഭരണസമിതി അംഗങ്ങൾ ഈട് വസ്തു വെറ്റ് ലാൻഡ് ആണെന്ന് മനസ്സിലാക്കിയിട്ടും അധികരിച്ച നിരക്കിൽ കമ്പോളവില നിശ്ചയിച്ച് വായ്പ നൽകിയിട്ടുള്ളതായി കാണുന്നു.

ശ്രീ. നവാസ് എ-യുടെ പേരിൽ നിലനിന്നിരുന്ന 001001004258-ാം സേവിംഗ്സ് ബാങ്ക് അകൗണ്ട് പരിശോധിച്ചതിൽ 10.04.2017-ൽ ശ്രീമതി ജിഷ എ-യുടെ MTNA-11498-ാം നമ്പർ വായപയിൽ നിന്നും 4,98,955 രൂപയും 03.08.2017-ൽ HPL-001004000338-ാം നമ്പർ വായപയിൽ നിന്നും 99,000 രൂപയും മാറ്റിയിട്ടുള്ളതായി കാണുന്നു. വായ്പക്കാരന്റെ സേവിംഗ്സ് ബാങ്ക് അകൗണ്ടിലേയ്ക്ക് വായ്പ തുക വകമാറ്റാതെ നേരിട്ട് മറ്റോരു സേവിംഗ്സ് ബാങ്ക് അകൗണ്ടിലേയ്ക്ക് തുക വകമാറ്റിയത് വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്.

(വായ്പയിൽ കുടിശ്ശിക വന്നിട്ടുള്ളത് "രണ്ടുവർഷത്തോളം എന്നെ സർവീസിൽനിന്നും മാറ്റിനിർത്തിയതിനാൽ ആണെന്നും, ഭവനനിർമ്മാണത്തിന് എടുത്ത വായ്പ ഉപയോഗിച്ച് വീട് നിർമ്മിച്ചിട്ടില്ല എന്നും, സർവീസിൽ നിന്നും എന്നെ മാറ്റിനിർത്തിയ സമയത്ത് ബാങ്ക് പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റ്നെ സംബന്ധിച്ച് എന്റെ ആക്ഷേപം ബാങ്ക് അറിയിച്ചിട്ടുമില്ല; സ്വീകരിച്ചിട്ടുമില്ലായെന്നും, വാഹന വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ബാങ്ക് അനുവദിക്കുകയും ചെയ്തിട്ടുള്ളതാണെന്നും, ഹയർ പർച്ചേസ് വായ്പ സംബന്ധിച്ച വ്യവസ്ഥയെ കുറിച്ച് അറിയില്ലായെന്നും" നേർകേൾവിയിൽ ശ്രീ. നവാസ് എ. മൊഴിനൽകിയിട്ടുണ്ട്, — ആയതിൽ നിന്നും ടിയാൻ ഭവനനിർമ്മാണ വായ്പ ഉപയോഗിച്ച് വീട് നിർമ്മിച്ചിട്ടില്ലായെന്നും വ്യവസ്ഥകൾ പാലിക്കാതെ ഹയർ പർച്ചേസ്, വാഹന വായ്പ എടുത്തിട്ടുണ്ടെന്നും, സേവിംഗ്സ് ബാങ്ക് അകൗണ്ടിലേയ്ക്ക് ക്രമപ്രകാരമല്ലാതെ തുകകൾ വക മാറ്റിയിട്ടുണ്ടെന്നും കാണുന്നു)

2. **ശ്രീ. ലാലി.എൻ, ശാഖ മാനേജർ,** ടിയാന്റെ ഭാര്യ ശ്രീമതി ഹസീന എ.കെ. ബന്ധുവായ ശ്രീ നാസറുദ്ദീൻ എ, എന്നിവരുടെ പേരിൽ 04.10.2021-ന് സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി.എ സ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ്പ് | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 1. | MDS04/2020 | ഹസീന എ. കെ | 003029000039 | 17.05.2021 | 2,40,000 | 0 | 0 | 0 |
| 2 | MDS5/2018 | നാസറുദ്ദീൻ എ | 001180000040 | 17.04.2018 | 32,500 | 32,500 | 2,637 | 35,137 |
| ആകെ | | | | | | | | 35,137 |

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പാ തുക | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Special Agricultural Gold Loan | നാസറുദ്ദീൻ എ | 002002012281 | 05.08.2021 | 54000 | 0 | 0 | 799 | 799 |
| 2 | Special Agricultural Gold Loan | നാസറുദ്ദീൻ എ | 003002004787 | 09.04.2021 | 4800 | 0 | 0 | 211 | 211 |
| 3 | Hire Purchase Loan | ഹസീന എ. കെ | 001004000336 | 02.08.2017 | 100000 | 45,983 | 557 | 129 | 46,669 |
| 4 | Hire Purchase Loan | നാസറുദ്ദീൻ എ | 001004000358 | 29.06.2020 | 10000 | 0 | 0 | 293 | 293 |
| | | ആകെ | | | 168800 | 45983 | 557 | 1432 | 47972 |

മുകളിലെ പട്ടിക പ്രകാരം ജി.ഡി.സി.എസ് വായ്പയിൽ 35,137/- രൂപയും മറ്റു വായ്പകളിലായി 47,972/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു.

ശ്രീ. ലാലി.എൻ-ന്റെ പേരിൽ നിലനിരുന്ന 001001003000-ാം സേവിംഗ്സ് ബാങ്ക് അകൗണ്ട് പരിശോധിച്ചതിൽ 28.01.2020, 04.01.2020, 07.04.2020 29.06.2020 എന്നീ തിയ്യതികളിൽ 001002007204, 001002007784, 001002008399, 001004000358 ഇനി വായ്പകളിൽ നിന്നും തുകകൾ വരവ് വച്ചിട്ടുള്ളതായി കാണുന്നു. ആയതിൽ നിന്നും ടിയാൻ തന്റെ ബന്ധുക്കളുടെ വായ്പകളിൽ നിന്നും ക്രമപ്രകാരമല്ലാതെ തുകകൾ എസ്.ബി അകൗണ്ടിൽ വരവ് പിൻവലിച്ചുപയോഗിച്ചിട്ടുള്ളതായ് കാണുന്നു.

കൂടാതെ ശ്രീ നസറുദ്ദീൻ എ-യുടെ ബാധ്യത വിവരം പരിശോധിച്ചതിൽ 001002012175-ാം നമ്പർ പ്രകാരം വിതരണം ചെയ്തിട്ടുള്ള വായ്പയിൽ പരോക്ഷമായ ബാധ്യത നിലനിൽക്കുന്നതായി കാണുന്നു. ശ്രീമതി ദേവികി എൻ-ന്റെ പേരിലുള്ള ടി വായ്പ നിലവിൽ കുടിശ്ശികയാണ്.

(പട്ടിക പ്രകാരമുള്ള വായ്പകൾ എല്ലാംതന്നെ അവസാനിപ്പിച്ചിട്ടുള്ളതാണെന്നും, ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് വീട് നിർമ്മിച്ചിട്ടില്ലായെന്നും, ഹയർ പർച്ചേസ് വായ്പ അവസാനിപ്പിച്ചിട്ടുള്ളതാണെന്നും നേർകേൾവിയിൽ ശ്രീ. ലാലി. എൻ മൊഴി നൽകിയിട്ടുള്ളതാണ്. — ആയതിൽ നിന്നും ഭവനനിർമാണ വായ്പ ഉപയോഗിച്ച് വീട് നിർമ്മിച്ചിട്ടില്ലായെന്നും, വ്യവസ്ഥ പാലിക്കാതെ ഹയർ പർച്ചേസ് വായ്പ എടുത്തു എന്നും കാണുന്നു.)

3. **ശ്രീ ഹാഷിം.എ, അക്കൗണ്ടന്റ്,** ടിയാന്റെ ഭാര്യ ശ്രീമതി സിമി എസ്. എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പാ തുക | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Hire Purchase Loan | സിമി എസ് | 001008000026 | 19.08.2009 | 50000 | 50,000 | 44,681 | 7,748 | 1,02,429 |
| 2 | Kissan Credit Card Loan | സിമി എസ് | 001003000064 | 22.05.2010 | 48150 | 47,150 | 34 | 0 | 47,184 |
| | | ആകെ | | | 98150 | 97150 | 44715 | 7748 | 149613 |

മുകളിലെ പട്ടിക പ്രകാരം വായ്പകളിൽ 1,49,613/- രൂപ കുടിശ്ശിക നിലനിൽക്കുന്നു.

ശ്രീ. ഹാഷിം.എ-ന്റെ പേരിൽ നിലനിരുന്ന 001001008719-ാം സേവിംഗ്സ് ബാങ്ക് അകൗണ്ട് പരിശോധിച്ചതിൽ 30.05.2011 തിയ്യതിയിൽ MTNA-5222-ാം വായ്പയിൽ നിന്നും 2,99,250 രൂപ വരവ് വച്ചിട്ടുള്ളതായി കാണുന്നു. ഇത് ക്രമപ്രകാരം അല്ല ചെയ്തിട്ടുള്ളത്.

(വായ്പയിൽ കുടിശ്ശിക വന്നത് "അടിയന്തരമായി എന്റെ ചികിത്സക്ക് പണം ഉപയോഗിക്കേണ്ടി വന്നതിനാലാണെന്നും, ഭവന നിർമ്മാണം വായ്പ ഉപയോഗിച്ച് വീട് നിർമ്മിച്ചിട്ടുണ്ടെന്നും, വാഹന വായ്പ ഭരണസമിതി തീരുമാനപ്രകാരം അനുവദിച്ചിട്ടുള്ളതാണെന്നും, പലിശ അടയ്ക്കുവാൻ തയ്യാറാണെന്നും, സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് വരവ് വച്ചിട്ടുള്ള തുക ഉമ്മയുടെ പേരിൽ എടുത്തിട്ടുള്ള വായ്പയിൽ നിന്നാണെന്നും" നേർകേൾവിയിൽ ശ്രീ. ഹാഷിം. എ, മൊഴി നൽകിയിട്ടുള്ളതാണ്. -ആയതിൽ നിന്നും നിന്നും ക്രമപ്രകാരം അല്ലാതെ വാഹന വായ്പ എടുത്തതാതായും സേവിങ്സ് ബാങ്ക് അക്കൗണ്ട് ക്രമപ്രകാരമല്ലാതെ ഉപയോഗിച്ചതായും കാണുന്നു.)

4. **ശ്രീ. സന്തോഷ് കുമാർ.കെ.**, സീനിയർ ക്ലാർക്ക്, ടിയാന്റെ ഭാര്യ ശ്രീമതി ദിവ്യാ യു-വിന്റെ എന്നിവരുടെ പേരിൽ 04.10.2021-ൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Kissan Credit Card Loan | ദിവ്യാ യു | 001003000079 | 21.06.2012 | 25000 | 0 | 0 | 0 | 0 |
| | | | ആകെ | | | | | | 0 |

ശ്രീ. സന്തോഷ് കുമാർ.കെ-യുടെ പേരിൽ നിലനിരുന്ന 001001008031-ാം സേവിംഗ്സ് ബാങ്ക് അകൗണ്ട് പരിശോധിച്ചതിൽ 21.06.2012-ൽ ശ്രീമതി ദിവ്യാ യു-യുടെ KCC-79-ാം നമ്പർ വായപയിൽ നിന്നും 25,000/- രൂപയും 22.08.2015-ൽ HPL-317-ാം നമ്പർ വായപയിൽ നിന്നും 48,950/- രൂപയും വകമാറ്റിയിട്ടുള്ളതായി കാണുന്നു. വായ്പക്കരന്റെ സേവിംഗ്സ് ബാങ്ക് അകൗണ്ടിലേയ്ക്ക് വായ്പ തുക വകമാറ്റാതെ നേരിട്ട് മറ്റോരു സേവിംഗ്സ് ബാങ്ക് അകൗണ്ടിലേയ്ക്ക് തുക വകമാറ്റിയത് വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്.

(സേവിംഗ്സ്ബാങ്ക് ബാങ്ക് അക്കൗണ്ടിൽ വരവ് വെച്ചിട്ടുള്ള തുക ഭാര്യയുടെ പേരിലുള്ളതാണെന്നും, ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് വീട് വെച്ചിട്ടുണ്ട്, എന്നാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലായെന്നും, ഉടൻ സമർപ്പിക്കുന്നതാണെന്നും, നേർകേൾവിയിൽ ശ്രീ. സന്തോഷ് കുമാർ.കെ മൊഴി

നൽകിയിട്ടുള്ളതാണ്.-- ആയത്തിൽ നിന്നും ക്രമപ്രകാരം അല്ലാതെ ഭവന വായ്പ എടുത്തതാതായും സേവിങ്സ് ബാങ്ക് അക്കൗണ്ട് ക്രമപ്രകാരമല്ലാതെ ഉപയോഗിച്ചതായും കാണുന്നു.)

5. **ശ്രീ സിത്ത് എസ്.ഡി, അക്കൗണ്ടന്റ്**, ടിയാന്റെ ഭാര്യ ശ്രീമതി അമല, ബന്ധുക്കൾ ശ്രീ. രത്ത്, അമൽ ആർ. വി., എന്നിവരുടെ പേരിൽ 05.10.2021-ൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പാ തുക | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Special Agricultural Gold Loan | അമല | 001002010037 | 25.08.2020 | 55,000 | 55,000 | 5,812 | 1,004 | 61,816 |
| 2 | Special Agricultural Gold Loan | അമല | 001002010641 | 12.10.2020 | 42,000 | 42,000 | 3,912 | 608 | 46,512 |
| 3 | Special Agricultural Gold Loan | അമല | 001002010813 | 21.10.2020 | 28,000 | 28,000 | 2,543 | 384 | 30,927 |
| 4 | Special Agricultural Gold Loan | അമല | 001002012777 | 05.03.2021 | 96,000 | 96000 | 5,347 | 237 | 1,01,584 |
| 5 | Special Agricultural Gold Loan | അമല | 001002013019 | 23.03.2021 | 47,000 | 47,000 | 2,398 | 46 | 49,444 |
| 6 | Special Agricultural Gold Loan | അമല | 001002012474 | 27.04.2021 | 70,000 | 0 | 2,779 | 0 | 2,779 |
| 7 | Special Agricultural Gold Loan | അമല | 001002013769 | 07.06.2021 | 12,500 | 0 | 370 | 0 | 370 |
| 8 | Special Agricultural Gold Loan | അമല | 001002014002 | 28.06.2021 | 46,500 | 0 | 1,135 | 0 | 1,135 |
| 9 | Special Agricultural Gold Loan | അമല | 001002014528 | 07.08.2021 | 2,73,000 | 0 | 3,972 | 0 | 3,972 |
| 10 | Special Agricultural Gold Loan | അമല | 001002014771 | 25.08.2021 | 1,26,000 | 0 | 1,274 | 0 | 1,274 |
| 11 | Special Agricultural Gold Loan | അമല | 001002014772 | 25.08.2021 | 55,000 | 0 | 556 | 0 | 556 |
| 12 | Special Agricultural Gold Loan | അമല | 001002014880 | 02.09.2021 | 33,000 | 0 | 269 | 0 | 269 |
| 13 | Special Agricultural Gold Loan | അമല | 001002014933 | 06.09.2021 | 1,38,000 | 0 | 987 | 0 | 987 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 14 | Special Agricultural Gold Loan | അമല | 002002011004 | 20.04.2021 | 2,08,000 | 0 | 8,616 | 0 | 8,616 |
| 15 | Special Agricultural Gold Loan | രത്ത് | 003002005250 | 16.07.2021 | 24,500 | 0 | 489 | 0 | 489 |
| 16 | Special Agricultural Gold Loan | രത്ത് | 001002010514 | 03.10.2020 | 1,01,500 | 1,01,500 | 9,695 | 1,543 | 1,12,738 |
| 17 | Special Agricultural Gold Loan | രത്ത് | 001002013544 | 03.05.2021 | 1,78,500 | 0 | 6,822 | 0 | 6,822 |
| 18 | Special Agricultural Gold Loan | രത്ത് | 001002014373 | 28.07.2021 | 16,500 | 0 | 281 | 0 | 281 |
| 19 | Special Agricultural Gold Loan | രത്ത് | 001002014441 | 02.08.2021 | 20,000 | 0 | 316 | 0 | 316 |
| 20 | Special Agricultural Gold Loan | രത്ത് | 001002015104 | 16.09.2021 | 1,25,000 | 0 | 586 | 0 | 586 |
| 21 | Medium Term Non Agricultural | അമല | 001002010790 | 13.07.2016 | 10,00,000 | 10,00,000 | 7,32,603 | 80,658 | 18,13,311 |
| 22 | Medium Term Non Agricultura | അമല | 001002011006 | 09.09.2016 | 10,00,000 | 10,00,000 | 7,10,356 | 75,984 | 17,86,360 |
| 23 | Vehicle Loan | അമൽ ആർ വി | 001008000073 | 17.11.2015 | 41,680 | 41,680 | 27,656 | 3,660 | 72,996 |
| 24 | Hire Purchase Loan | അമല | 001004000319 | 26.08.2015 | 20,000 | 20,000 | 15,899 | 2,642 | 38,541 |
| 25 | Medium Term Housing Loan | സരസ്വതി ജി | 001016000019 | 20.03.2017 | 10,00,000 | 4,74,981 | 6,21,137 | 22,850 | 11,18,968 |
| 26 | Medium Term Housing Loan | ശശിധരൻ | 001016000024 | 28.03.2017 | 10,00,000 | 4,74,981 | 6,22,932 | 22,617 | 11,20,530 |
| ആകെ | | | | | 5757680 | 3381142 | 2788742 | 212233 | 6382179 |

മുകളിലെ പട്ടിക പ്രകാരം വായ്പകളിൽ 63,82,179/- രൂപ കുടിശ്ശിക നിലനിൽക്കുന്നു.

ശ്രീമതി അമല, അമൽ ആർ, എന്നിവരുടെ 001002011006, 001002010790-ാം നമ്പർ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള മീനാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 32, റീസർവ്വേ നമ്പർ 212/8-4, 212/10-3-ൽ പെട്ടതും 14.06.2016-ലെ 1427-ാം നമ്പർ ധനനിശ്ചയാധാര പ്രകാരം 2,00,000/- രൂപ വിലയുള്ളതുമായ 02.05 ആർ വസ്തുവന് സംഘം ഭരണസമിതി അംഗങ്ങളായ ശ്രീ. എം. അനി, ശ്രീ. എ. നീലകണ്ഠൻ, എന്നിവർ 50ലക്ഷം രൂപ കമ്പോളവില അതായത് ഒര് ആറിന് 7.47ലക്ഷം രൂപയും വസ്തുവിലെ വീടിന് ഭാവിയിലുണ്ടാകുന്ന തേയ്മാനം കണക്കാക്കാതെ 10ലക്ഷം രൂപ നിശ്ചയിച്ചും റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ജാമ്യ വസ്തു ഈടായി സ്വീകരിക്കുന്നതിന് നിയമോപദേശം തേടാതെയും 07.07.2016-ലെ 48-ാം നമ്പർ ഭരണ

സമിതി തീരുമാനപ്രകാരം വായ്പ അനുവദിച്ചിട്ടുള്ളത്. ആയതിൽ നിന്നും ഈ വായ്പ ക്രമപ്രകാരമല്ല അനുവദിച്ചത് എന്ന് കാണുന്നു.

ശ്രീമതി സരസ്വതി ജി., ശ്രീ. ശശിധരൻ, എന്നിവരുടെ 001016000019, 001016000024-ാം നമ്പർ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള ഇരവിപുരം വില്ലേജിലെ ബ്ലോക്ക് നമ്പർ 25, റീസർവ്വേ നമ്പർ 645/11, 645/10-ൽ പെട്ടതും 17.86ആർ, 07.10ആർ ചേർത്ത് ആകെ 24.96ആർ "നിലത്തിന്", 19.07.1987-ലെ 645-ാം നമ്പർ ധനനിശ്ചയാധാര പ്രകാരം 12,700/- രൂപ വിലയുള്ളതും ഫെയർ വാല്യൂ നിരക്ക് പ്രകാരം "വെറ്റ് ലാന്റിന്" ഒരു ആറിന് 24,000/- രൂപ സർക്കാർ നിശ്ചയിച്ചിട്ടുള്ളതുമാണ്. എന്നാൽ സംഘം ഭരണസമിതി അംഗങ്ങളായ ശ്രീ. എം. അനി, 62ലക്ഷം രൂപ കമ്പോളവില അതായത് ഒര് ആറിന് 2.48ലക്ഷം രൂപ നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ജാമ്യ വസ്തു ഈടായി സ്വീകരിക്കുന്നതിന് നിയമോപദേശം തേടാതെയും 03.03.2017-ലെ 284-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം വായ്പ അനുവദിച്ചിട്ടുള്ളത്. ആയതിൽ നിന്നും ഈട് വസ്തു നിലം ആണെന്ന് ബോധ്യപ്പെട്ടിട്ടും ഭരണസമിതി അധികരിച്ച നിരക്കിൽ കമ്പോളവില നിശ്ചയിച്ച് ക്രമപ്രകാരമല്ലാതെ വായ്പ അനുവദിച്ചതായി കാണുന്നു.

(വസ്തു വാങ്ങുവാൻ വായ്പ എടുത്തിട്ടുള്ളതാണെന്നും, കുടിശ്ശിക അടച്ചു തീർക്കുന്നതാണെന്നും, പലിശയുടെ വ്യവസ്ഥ പാലിക്കാതെ വാഹനവായ്പ എടുത്തിട്ടുള്ളതാണെന്നും, ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് വീട് നിർമ്മിച്ചിട്ടുണ്ടെന്നും, കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലാത്തത് ഉടൻ സമർപ്പിക്കുന്നതാണെന്നും, നേർകേൾവിയിൽ ശ്രീ സിത്ത് എസ്.ഡി, മൊഴി നൽകിയിട്ടുള്ളതാണ്. — ആയതിൽ നിന്നും ക്രമപ്രകാരം അല്ലാതെ വാഹനവായ്പ വായ്പ എടുത്തതാതായും ഭവന നിർമ്മാണ വായ്പയുടെ വ്യവസ്ഥ പൂർണമായും പാലിച്ചിട്ടില്ലായെന്നും, ജീവനക്കാരന്റെയും കുടുംബാംഗങ്ങളുടെയും തിരിച്ചടവ് ശേഷി വിലയിരുത്താതെ ആകെ 57,57,680/- രൂപയുടെ വായ്പ ക്രമപ്രകാരമല്ലാതെ അനുവദിച്ചിട്ടുള്ളതായും കാണുന്നു.)

6. **ശ്രീമതി സജീന .എസ്., അക്കൗണ്ടന്റ്**, നോമിനി നൗഷാദ് എം- എന്നിവരുടെ പേരിൽ സംഘത്തിൽ നിലവിൽ ജീവനക്കാർക്കുള്ള വാഹന വായ്പ ഒഴിച്ച് മറ്റ് ബാധ്യതകൾ ഒന്നും തന്നെ ഇല്ല.

(പലിശയുടെ വ്യവസ്ഥ പാലിക്കാതെ വാഹനവായ്പ എടുത്തിട്ടുള്ളതാണെന്നും, ജീവനക്കാരുടെ വായ്പ ആയതിനാൽ വാഹനം വാങ്ങുവാൻ എടുത്തിട്ടുള്ളതാണെന്നും ശ്രീമതി സജീന .എസ്. മൊഴി നൽകിയിട്ടുള്ളതാണ്. — ആയതിൽ നിന്നും ക്രമപ്രകാരം അല്ലാതെ വാഹനവായ്പ വായ്പ എടുത്തതാതായി കാണുന്നു.)

(സംഘം സെക്രട്ടറിയാണ് പലിശനിരക്കും വായ്പയും ഭരണസമിതിയുടെ അംഗീകാരത്തോടെ നൽകുന്നതെന്നും, വാഹന വായ്പ ഉപയോഗിച്ച് വാങ്ങിയ വാഹനത്തിൻറെ ആർ.സി ബുക്കിൽ ബാങ്കിൻറെ പേര് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ജീവനക്കാരൻ എന്ന നിലയ്ക്ക് വാഹന വായ്പയ്ക്ക് അപേക്ഷ നൽകുകയും ഭരണസമിതി അപേക്ഷ പരിഗണിച്ച് വായ്പ നൽകിയിട്ടുള്ളതാണെന്നും, ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് വീട് വച്ചിട്ടില്ലായെന്നും, നേർകേൾവിയിൽ ശ്രീ. രാജീവ് കുമാർ.സി.എസ്., മൊഴി നൽകിയിട്ടുള്ളതാണ്. — ആയതിൽ നിന്നും ക്രമപ്രകാരമല്ലാതെ വായ്പകൾ വിതരണം ചെയ്തിട്ടുള്ളതായും, ടിയാൻ ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് വീട് നിർമ്മിച്ചില്ലായെന്നും ബോധ്യപ്പെട്ടു.)

32. **ശ്രീമതി ശ്രീലത.എസ്, അസിസ്റ്റന്റ് സെക്രട്ടറി,** ഭർത്താവ് ബാബു. എ., എന്നിവരുടെ പേരിൽ 25.09.2021-ന് സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ്പ് | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Special Agricultural Gold Loan | ബാബു എ | 001002010062 | 26.08.2020 | 105000 | 98,050 | 8166 | 1700 | 1,07,916 |
| | | ആകെ | | | 105000 | 98,050 | 8166 | 1700 | 1,07,916 |

മുകളിലെ പട്ടിക പ്രകാരം വായ്പകളിൽ 1,07,916/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു.

(ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് വീട് വെച്ചിട്ടുണ്ടെന്നും, വാഹന വായ്പ ഉപയോഗിച്ച് വാഹനം വാങ്ങിയിട്ടുണ്ടെന്നും, സർക്കുലർ പ്രകാരമുള്ള പലിശ അടയ്ക്കാൻ തയ്യാറാണെന്നും, നേർകേൾവിയിൽ ശ്രീമതി ശ്രീലത.എസ്., മൊഴി നൽകിയിട്ടുള്ളതാണ്- പട്ടികയിലെ വായ്പ 18.10.2021-ന് അവസാനിച്ചതായി കാണുന്നു.)

**8. ബാങ്കിൽ മുൻ ജീവനക്കാർ, മുൻ ജീവനക്കാരുടെ ബന്ധുക്കളുടെയും സ്വന്തക്കാരുടെയും കഴിഞ്ഞ പത്തു വർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകൾ (വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച്**

1. **ശ്രീമതി ഗിരിജാകുമാരി, സെക്രട്ടറി (റിട്ട. 31.05.2018)**-യുടെ പേരിൽ നിലനിരുന്ന 001001000760-ാം സേവിംഗ്സ് ബാങ്ക് അകൗണ്ട് പരിശോധിച്ചതിൽ 25.04.2012-ൽ ശ്രീമതി ആര്യാ ജി. ആർ-ന്റെ VL-001008000048-ാം നമ്പർ വായപയിൽ നിന്നും 2,00,000 രൂപയും 02.12.2015-ൽ HPL-001004000218-ാം നമ്പർ വായപയിൽ നിന്നും 50,000 രൂപയും 4056, 5932-ാം അംഗങ്ങളുടെ ഡിവിഡന്റ് തുകയും കൈമാറ്റം ചെയിതിട്ടുള്ളതായി കാണുന്നു. വായ്പക്കരന്റെ സേവിംഗ്സ് ബാങ്ക് അകൗണ്ടിലേയ്ക്ക് വായ്പ തുക വകമാറ്റാതെ നേരിട്ട് മറ്റോരു സേവിംഗ്സ് ബാങ്ക് അകൗണ്ടിലേയ്ക്ക് തുക വകമാറ്റിയത് വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്.

(ഭവന നിർമ്മാണ വായ്പ എടുത്ത് വീട് വെച്ചിട്ടുണ്ടെന്നും, എന്നാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലായെന്നും, വാഹന വായ്പ എടുത്ത് വാഹനം വാങ്ങിയിട്ടുണ്ടെന്നും, വാഹന വായ്പ ഉപനിബന്ധനക്ക് വിരുദ്ധമായി വായ്പ അനുവദിച്ചിട്ടുള്ളത് കമ്മറ്റി തീരുമാന പ്രകാരമാണെന്നും നേർകേൾവിയിൽ ശ്രീമതി ഗിരിജാകുമാരി., മൊഴി നൽകിയിട്ടുള്ളതാണ്— ആയതിൽ നിന്നും ഭവന നിർമ്മാണ വായ്പ വ്യവസ്ഥ പൂർണമായും പാലിച്ചിട്ടില്ലായെന്നും, വാഹന വായ്പാ ഉപനിബന്ധനയ്ക്ക വിരുദ്ധമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ എടുത്തതായും കാണുന്നു)

2. ശ്രീമതി പ്രേമകുമാരി, ചീഫ അക്കൗണ്ടന്റ് (റിട്ട. 31.05.2018) മകൻ വിഷ്ണു ആർ. പി., മകൾ ഉണ്ണിമായ പി., എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി.എസ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ് | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 1 | MDS 07/2018 | വിഷ്ണു ആർ. പി | 001182000020 | 11.09.2018 | 72,000 | 12,000 | 55 | 12,055 |
| 2 | EVM BRANCH | വിഷ്ണു ആർ. പി | 002032000047 | 01.10.2020 | 2,64,000 | 42,000 | 1241 | 43,241 |
| 3 | EVM BRANCH | ഉണ്ണിമായ പി | 002024000017 | 08.09.2021 | 1,30,00 | 0 | 0 | 0 |
| ആകെ | | | | | | | | 55,296 |

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പ തുക | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Special Agricultural Gold Loan | വിഷ്ണു ആർ. പി | 002002007417 | 06.10.2020 | 21,000 | 21,000 | 2121 | 356 | 23,477 |
| 2 | Special Agricultural Gold Loan | വിഷ്ണു ആർ. പി | 002002007581 | 15.10.2020 | 20,000 | 20,000 | 1973 | 324 | 22,297 |
| 3 | Special Agricultural Gold Loan | വിഷ്ണു ആർ. പി | 002002008232 | 23.11.2020 | 50,000 | 50,000 | 4425 | 653 | 55,078 |
| 4 | Special Agricultural Gold Loan | വിഷ്ണു ആർ. പി | 002002008371 | 02.12.2020 | 56,000 | 56,000 | 4824 | 653 | 61,510 |
| 5 | Special Agricultural Gold Loan | വിഷ്ണു ആർ. പി | 002002011215 | 03.05.2021 | 1,20,000 | 0 | 0 | 5296 | 5296 |
| 6 | Special Agricultural Gold Loan | വിഷ്ണു ആർ. പി | 002002011843 | 02.07.2021 | 28,000 | 0 | 0 | 822 | 822 |
| 7 | Special Agricultural Gold Loan | വിഷ്ണു ആർ. പി | 002002012158 | 27.07.2021 | 41,000 | 0 | 0 | 950 | 950 |
| 8 | Special Agricultural Gold Loan | വിഷ്ണു ആർ. പി | 00200213105 | 29.09.2021 | 50,000 | 0 | 0 | 370 | 370 |
| 9 | Special Agricultural Gold Loan | വിഷ്ണു ആർ. പി | 00200213106 | 29.09.2021 | 59,500 | 0 | 0 | 440 | 440 |
| ആകെ | | | | | 445500 | 147000 | 13343 | 9864 | 170240 |

മുകളിലെ പട്ടിക പ്രകാരം ജി.ഡി.സി.എസ്-ൽ 55,296/- രൂപയും വായ്പകളിൽ 1,70,240/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു.

ശ്രീമതി പ്രേമകുമാരി-യുടെ പേരിലുള്ള 001001001084-ാം നമ്പർ സേവിങ്സ് ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 04.03.2016-ൽ ശ്രീ അശ്വിൻ ബാബു കെ-യുടെ പേരിലുള്ള 001002010411-ാം നമ്പർ വായ്പയിൽ നിന്നും 9,78,435/- രൂപ വരവ് വന്നിട്ടുള്ളതും നിലവിൽ ടി വായ്പ കുടിശ്ശിക ആണെന്നു കാണുന്നു. മാത്രമല്ല ശ്രീ അശ്വിൻ ബാബുവിന്റെ പേരിൽ എസ്. ബി. അക്കൗണ്ട് ഇല്ല എന്ന് കാണുന്നു. വായ്പ കാരൻറെ പേരിൽ എസ്. ബി അക്കൗണ്ട് തുടങ്ങാതെ വായ്പ മറ്റൊരാളുടെ എസ്. ബി അക്കൗണ്ടിലേക്ക് മാറ്റി നൽകിയതിലൂടെ സംഘത്തിൻറെ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി കാണുന്നു.

001002010411-ാം നമ്പർ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള ഇരവിപുരം വില്ലേജിലെ ബ്ലോക്ക് നമ്പർ 25, റീസർവ്വേ നമ്പർ 524/6-8-ൽ പെട്ട വസ്തുവിന് 19.11.2001-ലെ 5405-ാം നമ്പർ ആധാരപ്രതാരം 24,000/- രൂപയും ഫെയർ വാല്യൂ നിരക്ക് പ്രകാരം ഒരു ആറിന് 1,20,000/- രൂപ സർക്കാർ നിശ്ചയിച്ചിട്ടുള്ളതുമാണ്. എന്നാൽ സംഘം ഭരണസമിതി അംഗങ്ങളായ ശ്രീ. കുമാരദാസ്, ശ്രീമതി ജി. സരോജനി അമ്മ എന്നിവർ 03.24ആർ വസ്തുവിന് 32ലക്ഷം രൂപ കമ്പോളവില അതായത് ഒര് ആറിന് 9.87ലക്ഷം രൂപയും വസ്തുവിലെ വീടിന് ഭാവിയിലുണ്ടാകുന്ന തേയ്മാനം കണക്കാക്കാതെ 15ലക്ഷം രൂപ നിശ്ചയിച്ചും റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ജാമ്യ വസ്തു ഈടായി സ്വീകരിക്കുന്നതിന് നിയമോപദേശം തേടാതെയും 23.02.2016-ലെ 339-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം വായ്പ അനുവദിച്ചിട്ടുള്ളത്. ഈ വായ്പ ക്രമപ്രകാരമല്ല അനുവദിച്ചത് എന്ന് കാണുന്നു. മാത്രമല്ല ടി ആധാരം ശ്രീമതി പ്രേമകുമാരി-യുടെ പേരിൽ ചമച്ചിട്ടുള്ളതും ശ്രീ അശ്വിൻ ബാബു.കെ-യ്ക്ക് സർവ്വമുക്തിയാർ ചമച്ച് വായ്പ എടുത്തതായി കാണുന്നു.

(വായ്പകളിൽ നിലനിൽക്കുന്ന കുടിശ്ശികയിൽ ജി.ഡിസി.എസ് കുടിശ്ശിക അടച്ചു തീർത്തിട്ടുണ്ടെന്നും, സ്വർണപ്പണയ വായ്പാ കുടിശ്ശിക ഉടനെ അടയ്ക്കുന്നതാണെന്നും, എസ്. ബി അക്കൗണ്ടിൽ വരവ് വച്ചിട്ടുള്ള തുക തന്റെ അനുജത്തിയുടെ മകൻ എടുത്തിട്ടുള്ള വായ്പയിൽ നിന്നാണെന്നും, ഭവനനിർമാണത്തിന് വായ്പയെടുത്ത് വീട് നിർമ്മിച്ചിട്ടുണ്ടെന്നും, വാഹന വായ്പ ഉപയോഗിച്ച് വാഹനം വാങ്ങിയിട്ടുണ്ടെന്നും, കമ്മിറ്റി തീരുമാനപ്രകാരം വായ്പ എടുത്തിട്ടുള്ളതാണെന്നും, നേർക്കേൾവിയിൽ ശ്രീമതി പ്രേമകുമാരി., മൊഴി നൽകിയിട്ടുള്ളതാണ്. —- അയതിൽനിന്നും സംഘം ജീവനക്കാരി തൻറെ പേരിലുള്ള വസ്തു ബന്ധുവിനെ പേരിൽ മുക്തിയാർ ചമച്ച് വായ്പ എടുത്തിട്ടുള്ളതായും തിരിച്ചറിഞ്ഞിട്ടില്ലാത്തതായും കാണുന്നു.)

3. **ശ്രീ. ചന്ദ്രബാബു, സെക്രട്ടറി (റിട്ട. 31.07.2019),** ശ്രീമതി സീന. ജെ., എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി.എസ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ്പ് | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 1 | MDS 03/2016 | സീന ജെ | 001164000025 | 08.11.2017 | 54,000 | 8647 | 0 | 62,647 |
| 2 | MDS 11/2017 | സീന ജെ | 001175000033 | 04.09.2018 | 4,10,000 | 3,60,000 | 63,514 | 4,23,514 |
| | | | | ആകെ | | | | 4,86,161 |

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പ തുക | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Medium Term Housing Loan | സീന ജെ | 001016000094 | 06.02.2019 | 20,00,000 | 3,16,633 | 5,06,630 | 7522 | 8,30,785 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | Kissan Credit Card Loan | സീന ജെ. | 001003000051 | 02.02.2010 | 46524 | 46524 | 603 | 0 | 47,127 |
| | ആകെ | | | | 2046524 | 363157 | 507233 | 7522 | 877912 |

മുകളിലെ പട്ടിക പ്രകാരം ജി.ഡി.സി.എസ്-ൽ 4,86,161/- രൂപയും വായ്പകളിൽ 8,77,912/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു.

ശ്രീമതി സീന. ജെ-യുടെ പേരിലുള്ള 001016000094-ാം നമ്പർ പ്രകാരമുള്ള 20ലക്ഷം രൂപയുടെ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള മയ്യനാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 26, റീസർവ്വേ നമ്പർ 98/3-4-ൽ പെട്ട വസ്തു 24.10.1998-ലെ 3748-ാം നമ്പർ വിലയാധര പ്രകാരം 10000/-രൂപയ്ക്ക് വാങ്ങിയിട്ടുള്ളതും, ടി വസ്തുവിന് ഫെയർ വാല്യൂ നിരക്ക് പ്രകാരം ഒരു ആറിന് 2,50,000/- രൂപ സർക്കാർ നിശ്ചയിച്ചിട്ടുള്ളതുമാണ്. എന്നാൽ സംഘം ഭരണസമിതി അംഗങ്ങളായ ശ്രീ. സജിത്ത് കെ., ശ്രീ. എം. അനി, എന്നിവർ 2.02ആർ വസ്തുവിന് 35ലക്ഷം രൂപ കമ്പോളവില അതായത് ഒര് ആറിന് 17.32ലക്ഷം രൂപ നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 31.01.2019-ലെ 469-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം വായ്പ അനുവദിച്ചിട്ടുള്ളതാണ്. വായ്പ അനുവദിച്ചത് ക്രമപ്രകാരം അല്ല.

ശ്രീമതി സീന. ജെ-യുടെ പേരിൽ 25.01.2018-ലെ 270-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം 13% പലിശ നിരക്കിൽ 08.02.2018-ൽ നൽകിയ 001016000057-ാം നമ്പർ മധ്യകാല ഭവന വായ്പ 15 ലക്ഷം രൂപ 06.02.2019-ൽ പൂർണമായും തിരിച്ചടച്ചിട്ടുള്ളതും 06.02.2019-ൽ തന്നെ 001016000094-ാം നമ്പർ പ്രകാരം 11.50% പലിശ നിരക്കിൽ മധ്യകാല ഭവന വായ്പയായി 20 ലക്ഷം രൂപ എടുത്തതായും കാണുന്നു.

സംഘത്തിൻറെ അംഗങ്ങൾക്കുള്ള ഭവന വായ്പ ഉപനിബന്ധന വ്യവസ്ഥ 16 പ്രകാരം ഭവന വായ്പ ഗഡുക്കളായി (20%, 50%, 30%) എന്നീ തോതിൽ അനുവദിക്കാവുന്നതാണ് എന്ന് പറയുന്നു. എന്നാൽ സംഘം ഉപനിബന്ധനകളൊന്നും പാലിക്കാതെയാണ് ശ്രീമതി സീന. ജെ-യ്ക്ക് ഭരണസമിതി വായ്പ അനുവദിച്ചതെന്ന് കാണുന്നു. ഇത്തരത്തിൽ അനുവദിച്ച ഭവന വായ്പയായി കണക്കാക്കുവാൻ കഴിയാത്തതിനാൽ സാധാരണ വായ്പയായി കണക്കാക്കി സഹകരണ സംഘം രജിസ്ട്രാറുടെ 19/2016 സർക്കുലർ നിരക്ക് പ്രകാരം 13.50% ശതമാനം കണക്കാക്കി വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

ശ്രീ. കിഷൻ ചന്ത് കെ. സി.-യുടെ പേരിൽ 22.09.2016 തീയതിയിൽ അനുവദിച്ച 001004000327-ാം നമ്പർ വായ്പയിൽ 30.03.2019-ൽ 7381 രൂപ പലിശയിൽ കുറവ് ചെയ്ത് നൽകിയിട്ടുള്ളതായി കാണുന്നു. വായ്പ 31.08.2019-ന് ആണ് പൂർണമായും അടച്ചു തീർത്തിട്ടുള്ളത്. ക്രമപ്രകാരമല്ലാതെ പലിശയിൽ കുറവ് ചെയ്ത് നൽകിയതിൽ സംഘത്തിനുണ്ടായ നഷ്ടം 7381/- രൂപ വീഴ്ച വരുത്തിയ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. (അനുബന്ധം - 1)

ശ്രീ. ചന്ദ്രബാബു-ന്റെ പേരിലുള്ള 001001001700-ാം നമ്പർ സേവിങ്സ് ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 13.07.2019-ൽ അതായത് വിരമിക്കൽ തീയ്യതിയായ

31.07.2019-ന് 18 ദിവസം മുൻപ് 11,81,805/- രൂപ അക്കൗണ്ടിൽ വരവ് വച്ചിട്ടുള്ളതായി കാണുന്നു. ടിയാൻ പിരിഞ്ഞു പോകുന്നതിന് 18 ദിവസം മുൻപ് ആനുകൂല്യം നൽകിയതിൽ സംഘത്തിനുണ്ടായ നഷ്ടം 10,490/- രൂപ (11,81,805/- രൂപയ്ക്ക് 18 ദിവസത്തേക്ക് 18% പലിശ നിരക്കിൽ കണക്കാക്കുമ്പോൾ) വീഴ്ച വരുത്തിയ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. (അനുബന്ധം - 2)

(ശ്രീമതി സീന-യുടെ പേരിൽ നിലനിൽക്കുന്ന വായ്പ കുടിശ്ശിക അടയ്ക്കുവാൻ തുക സീന-യുടെ പേരിലുള്ള എസ്. ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതും എന്നാൽ അന്നേദിവസം തന്നെ വായ്പ അക്കൗണ്ട് ഫ്രീസ് ചെയ്തതായി മയ്യനാട് ശാഖാ മാനേജർ അറിയിച്ചിട്ടുള്ളതും ഒരാഴ്ച കഴിഞ്ഞ് ബന്ധപ്പെട്ടിട്ടും ഫ്രീസിംഗ് ഒഴിവാക്കാത്തതിനാലാണ് കുടിശ്ശിക അടക്കാത്തതെന്നും, ഭവനനിർമ്മാണത്തിന് 13% നിരക്കിൽ എടുത്ത വായ്പ അവസാനിപ്പിച്ച് 11.50% നിരക്കിൽ എടുത്തത് വീടിൻറെ പണി പൂർത്തീകരിക്കാത്തതിനാൽ കൂടുതൽ തുകയ്ക്ക് വേണ്ടിയാണെന്നും, ഈ വായ്പ കണക്ക് അവസാനിപ്പിക്കുവാൻ താൻ തയ്യാറാണെന്നും, തന്റെയും ഭാര്യയുടെ പേരിലുള്ള മുഴുവൻ ഇടപാടുകളും തീർക്കുവാൻ തയ്യാറാണെന്നും, കിഷൻ ചന്ദ്-ന്റെ പേരിൽ നിലനിന്നിരുന്ന വായ്പയിൽ ക്രമപ്രകാരമല്ലാതെ ഇളവ് അനുവദിച്ചത് തിരിച്ചടയ്ക്കാമെന്നും വിരമിക്കൽ തീയതിക്ക് മുൻപ് ഗ്രാറ്റുവിറ്റി തുക പിൻവലിച്ചത് മൂലം സംഘത്തിനുണ്ടായ നഷ്ടം തിരിച്ചടയ്ക്കാമെന്നും നേർകേൾവിയിൽ ശ്രീ. ചന്ദ്രബാബു., മൊഴി നൽകിയിട്ടുള്ളതാണ്— ആയതിൽ നിന്നും സംഘം സെക്രട്ടറിയായിരുന്ന ശ്രീ. ചന്ദ്രബാബു തന്റെ അധികാരം ദുർവിനിയോഗം ചെയ്ത് തന്റെ ഭാര്യയുടെ പേരിൽ നിലനിന്നിരുന്ന ഭവന വായ്പയ്ക്ക് പലിശ ഇളവിനായി വായ്പ തിരിച്ചടച്ചതായ് വരവ് വച്ച് അന്നേ ദിവസം തന്നെ പുതിയ വായ്പ എടുത്തിട്ടുള്ളതാണെന്ന് കാണുന്നു,, തന്റെ മകൻറെ പേരിലുള്ള വായ്പയിൽ ക്രമവിരുദ്ധമായി ഇളവ് അനുവദിക്കുകയും, സംഘത്തിൽ നിന്നും പിരിഞ്ഞു പോകുന്നതിനു 18 ദിവസം മുമ്പ് അനുകൂല്യം പിൻവലിക്കുകയും ചെയ്തതിലൂടെ സംഘത്തിലെ സെക്രട്ടറി തന്റെ സ്വതാൽപര്യത്തിനുവേണ്ടി ക്രമപ്രകാരമല്ലാത്ത നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നു.)

**4. ശ്രീ. ചന്ദ്രസേനൻ, അക്കൗണ്ടന്റ് (റിട്ട.31.12.2018)** ശ്രീമതി ജിജി സേനൻ സി., ശ്രീമതി ജിബി സേനൻ സി., ശ്രീമതി തങ്കച്ചി കെ., എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി.എസ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ് | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 2 | MDS 4/2012 | ജിബി സേനൻ | 001131000013 | 24.01.2014 | 50,000 | 50,000 | 40,716 | 90,716 |
| 3 | MDS 5/12 | തങ്കച്ചി കെ | 001132000011 | 17.08.2012 | 2,94,000 | 2,94,000 | 2,49,522 | 5,43,522 |
| 4 | MDS 8/12 | തങ്കച്ചി കെ | 001135000017 | 18.06.2013 | 38,000 | 38,000 | 24,687 | 62,687 |
| | | | ആകെ | | | | | 6,96,925 |

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പ തുക | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Medium Term Non Agricultural Loan | ജിബി സേനൻ | 001019000262 | 16.10.2019 | 15,00,000 | 2,87,500 | 3,78,781 | 8,130 | 6,74,411 |
| 2 | Medium Term Non Agricultural Loan | തങ്കച്ചി കെ | 001019000261 | 16.10.2019 | 15,00,000 | 2,87,500 | 3,78,781 | 8,130 | 6,74,411 |
| 3 | Hire Purchase Loan | ജിജി സേനൻ | 001004000330 | 23.01.2017 | 75,000 | 75,000 | 45,544 | 6,671 | 1,27,215 |
| 4 | Vehicle Loan | ജിജി സേനൻ | 001008000069 | 18.12.2014 | 2,00,000 | 2,00,000 | 1,76,088 | 25,375 | 4,01,463 |
| 5 | SFL Agricultural Loan | തങ്കച്ചി കെ | 002024000018 | 12.07.2021 | 1,55,000 | 0 | 2011 | 0 | 2,011 |
| 6 | Kissan Credit Card Loan | തങ്കച്ചി കെ | 001003000050 | 02.02.2010 | 46,524 | 46,524 | 603 | 0 | 47,127 |
| | ആകെ | | | | 3476524 | 896524 | 981808 | 48306 | 1926638 |

മുകളിലെ പട്ടിക പ്രകാരം ജി.ഡി.സി.എസ്-ൽ 6,96,925/- രൂപയും വായ്പകളിൽ 19,26,638/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു.

ശ്രീമതി ജിബി സേനൻ., ശ്രീമതി തങ്കച്ചി കെ, എന്നിവരുടെ പേരിലുള്ള 001019000262, 001019000261-ാം നമ്പർ പ്രകാരമുള്ള 30ലക്ഷം രൂപയുടെ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള ഇരവിപുരം വില്ലേജിലെ ബ്ലോക്ക് നമ്പർ 26, റീസർവ്വേ നമ്പർ 70/8, 70/7, 70/6-ൽ പെട്ട വസ്തു 24.04.2010-ലെ 1980-ാം നമ്പർ വിലയാധര പ്രകാരം 1,18,000/- രൂപയ്ക്ക് വാങ്ങിയിട്ടുള്ള "വെറ്റ് ലാന്റിന്" ഫെയർ വാല്യൂ നിരക്ക് പ്രകാരം ഒരു ആറിന് 6,000/- രൂപയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംഘം ഭരണസമിതി അംഗങ്ങളായ ശ്രീ. സന്ധ്യാസുരേഷ്, ശ്രീ. എം. അനി, എന്നിവർ 05.15ആർ വസ്തുവിന് 51ലക്ഷം രൂപയും വസ്തുവിലെ വീടിന് 9ലക്ഷം രൂപയും കമ്പോളവില അതായത് ഒര് ആറിന് 9.90ലക്ഷം രൂപ നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 30.09.2019-ലെ 883-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം വായ്പ അനുവദിച്ചിട്ടുള്ളതാണ്. സർക്കർ രേഖകളിൽ ഈട് വസ്തു "വെറ്റ് ലാന്റ്" എന്ന് രേഖപ്പെടുത്തിയിട്ടും അധിക നിരക്കിൽ കമ്പോളവില നിശ്ചയിച്ച് വായ്പ അനുവദിച്ചത് ഭരണസമിതിയുടെ ഭാഗത്തുള്ള വീഴ്ചയാണ്.

(ഒരു വർഷത്തിനകം വായ്പകൾ പൂർണമായും അടച്ചു തീർക്കാമെന്നും, ഈട് വസ്തുവിന്റെ കരം ഒടുക്ക് രസീതിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സർക്കാരിന്റെ ഡേറ്റാ ബാങ്കിൽ ടി വസ്തു ഉൾപ്പെട്ടിട്ടില്ലായെന്നും, അത് സംബന്ധിച്ച സർട്ടിഫിക്കറ്റ് അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചത് സംഘത്തിൽ സമർപ്പിച്ചിട്ടുണ്ടെന്നും, (എന്നാൽ പരിശോധനയിൽ ഫയലിൽ ഈ സർട്ടിഫിക്കറ്റ് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല) വാഹന വായ്പ എടുത്ത് വാഹനം വാങ്ങിയിട്ടുണ്ടെന്നും, ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് വീട് നിർമ്മിച്ചിട്ടുണ്ടെന്നും എന്നാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലായെന്നും നേർകേൾവിയിൽ ശ്രീ. ചന്ദ്രസേനൻ., മൊഴി നൽകിയിട്ടുള്ളതാണ്— ആയതിൽ നിന്നും വെറ്റ് ലാൻഡ് ജാമ്യമായി സ്വീകരിച്ച്

അധികനിരക്കിൽ കമ്പോള വില നിശ്ചയിച്ച് വായ്പ നൽകിയിട്ടുള്ളതായും സംഘത്തിൽ നിന്നും നൽകിയിട്ടുള്ള ഭവന നിർമ്മാണ വായ്പയുടെ നടപടിക്രമങ്ങൾ പൂർണമായും പലിച്ചിട്ടില്ലായെന്നും കാണുന്നു)

5. **ശ്രീ. ഷെരീഫ്., അക്കൗണ്ടന്റ് (റിട്ട.31.05.2017)**, ഭാര്യ ശ്രീമതി നെജുമാ എം., മകൾ ശ്രീമതി ആശ കെ.എസ്., എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പ തുക | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Special Agricultural Loan | നജ്മാ എം | 001002008150 | 16.03.2020 | 10,600 | 10,600 | 1,670 | 371 | 12,641 |
| 2 | Medium Term Housing Loan | നിഷ കെ എസ് | 001016000010 | 17.11.2016 | 10,00,000 | 4,83,314 | 6,37,534 | 23,740 | 11,44,588 |
| 3 | Medium Term Housing Loan | നജ്മാ എം | 001016000011 | 18.11.2016 | 10,00,000 | 4,83,314 | 6,37,178 | 23,743 | 11,44,235 |
| 4 | Kissan Credit Card Loan | നജ്മാ എം | 001003000052 | 03.02.2010 | 47,161 | 47,161 | 85 | 0 | 47,246 |
| 5 | Hire Purchase Loan | ആശ കെ. എസ് | 001004000290 | 10.09.2013 | 11,300 | 11,300 | 11,889 | 2164 | 25,353 |
| ആകെ | | | | | 2069061 | 1035689 | 1288356 | 50018 | 2374063 |

മുകളിലെ പട്ടിക പ്രകാരം വായ്പകളിൽ 23,74,063/- രൂപ കുടിശ്ശിക നിലനിൽക്കുന്നു.

ശ്രീമതി നെജുമാ എം., ശ്രീമതി നിഷ കെ എസ്., എന്നിവരുടെ പേരിലുള്ള 001016000010, 001016000011-ാം നമ്പർ പ്രകാരമുള്ള 20ലക്ഷം രൂപയുടെ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള മയ്യനാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 27, റീസർവ്വേ നമ്പർ 73/7-3-ൽ പെട്ട വസ്തു 19.04.1995-ലെ 1455-ാം നമ്പർ വിലയാധര പ്രകാരം 10,000/-രൂപയ്ക്ക് വാങ്ങിയിട്ടുള്ളതും ഫെയർ വാല്യൂ നിരക്ക് പ്രകാരം ഒരു ആറിന് 40,000/- രൂപ നിശ്ചയിച്ചിട്ടുള്ളതുമാണ്. എന്നാൽ സംഘം ഭരണസമിതി അംഗങ്ങളായ ശ്രീ. എം അനി, ശ്രീ. എ. നീലകണ്ഠൻ, എന്നിവർ 02.84ആർ വസ്തുവിന് 56ലക്ഷം രൂപയും വസ്തുവിലെ വീടിന് 5ലക്ഷം രൂപയും കമ്പോളവില അതായത് ഒര് ആറിന് 19.71 ലക്ഷം രൂപ നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 27.10.2016-ലെ 170-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം വായ്പ അനുവദിച്ചിട്ടുള്ളതാണ്.

ശ്രീ. ഷെരീഫിന് സംഘത്തിൽ നിന്നും എടുത്ത ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ നമ്പർ 4-ന് ഈടായി സ്വീകരിച്ച മയ്യനാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 27, റീസർവ്വേ നമ്പർ 73/7-3-ൽ പെട്ടതും 19.04.1995-ലെ 1455-ാം നമ്പർ വിലയാധര പ്രകാരമുള്ളതുമായ 10 സെന്റ് വസ്തു സംഘത്തിൽ ഈടായി സൂക്ഷിച്ചിരിക്കെ ടി വസ്തുവിൽ നിന്നും 3സെന്റ് വസ്തുവിന് 12.11.2012-ൽ 4418-ാം നമ്പർ പ്രകാരം

പുതിയ ആധാരം ചമച്ച് ടി വായ്പ അപേക്ഷയിൽ സൂക്ഷിക്കുകയും (കരം ഒടുക്ക് രസീത്, മറ്റ് അനുബന്ധ രേഖകൾ സ്വീകരിക്കാതെ) ടി അപേക്ഷയോടോപ്പം സൂക്ഷിച്ചിരുന്ന 19.04.1995-ലെ 1455-ാം നമ്പർ വിലയാധരം വീണ്ടു സംഘത്തിൽ സമർപ്പിച്ച് ശ്രീമതി നെജുമാ എം., ശ്രീമതി നിഷ കെ എസ്., എന്നിവരുടെ പേരിൽ 001016000010, 001016000011-ാം എന്നീ നമ്പർ പ്രകാരം 20ലക്ഷം രൂപ വായ്പ എടുക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിൽ നിന്നും സഹകരണ സംഘം നിയമവ്യവസ്ഥ, സംഘം ബൈലാ, ഉപനിബന്ധന എന്നിവ പാലിക്കാതെ സംഘത്തിലെ ജീവനക്കാർക്ക് ആവശ്യാനുസരണം രേഖകൾ ചമച്ച് ബന്ധുക്കളുടെ പേരിൽ ഭരണസമിതിയുടെ അനുമതിയോടുകൂടി വായ്പകൾ എടുക്കാമെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

(വായ്പകളിൽ നിലനിൽക്കുന്ന കുടിശ്ശിക ഉടൻതന്നെ അടച്ചു തീർക്കുന്നതാണെന്നും, ഭവനനിർമ്മാണ വായ്പയെടുത്ത് വീട് നിർമ്മിച്ചിട്ടുണ്ടെന്നും, എന്നാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് സംഘത്തിൽ സമർപ്പിച്ചിട്ടില്ലായെന്നും നേർകേൾവിയിൽ ശ്രീ. ഷെരീഫ്., മൊഴി നൽകിയിട്ടുള്ളതാണ്— അതിൽനിന്നും ഭവനനിർമ്മാണ വായ്പ ക്രമപ്രകാരമല്ല നൽകിയിട്ടുള്ളത് എന്ന് കാണുന്നു)

6. **ശ്രീമതി ശോഭനകുമാരി, അക്കൗണ്ടന്റ് (റിട്ട.30.06.2020)**, ശ്രീ. രവീന്ദ്രൻ പിള്ള വി., ശ്രീ. ശ്രീകാന്ത് ആർ., എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി.എസ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ്പ് | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 1 | MDS 05/2017 | രവീന്ദ്രൻ പിള്ള വി | 001169000022 | 14.01.2020 | 50,000 | 30,000 | 246 | 30,246 |
| 2 | MDS 05/2017 | രവീന്ദ്രൻ പിള്ള വി | 001169000046 | 18.04.2018 | 30,000 | 10,000 | 0 | 10,000 |
| | | | ആകെ | | | | | 40,246 |

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ്പ് | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Special Agricultural Gold Loan | രവീന്ദ്രൻ പിള്ള വി | 001002013979 | 25.06.2021 | 10,233 | 0 | 20 | 0 | 20 |
| 2 | Special Agricultural Gold Loan | ശ്രീകാന്ത് ആർ | 001002013982 | 25.06.2021 | 4,60,233 | 0 | 908 | 0 | 908 |
| 3 | Agricultural Gold Loan | രവീന്ദ്രൻ പിള്ള വി | 002009000101 | 12.12.2020 | 50,000 | 50,000 | 2,742 | 427 | 53,169 |
| 5 | Kissan Credit Card Loan | രവീന്ദ്രൻ പിള്ള വി | 001003000058 | 17.03.2010 | 1,28,768 | 0 | 0 | 0 | 0 |
| | | ആകെ | | | 649234 | 50000 | 3670 | 427 | 54097 |

പട്ടിക പ്രകാരം ജി.ഡി.സി.എസ്-ൽ 40,246/- രൂപയും വായ്പകളിൽ 54,097/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു.

(ജി.ഡി.സി.എസ് വായ്പയിലെ കുടിശ്ശിക തുകകൾ അടച്ച് തീർത്തിട്ടുണ്ടെന്നും,

ഭവന നിർമ്മാണ വായ്പയെടുത്ത് വീട് നിർമ്മിച്ചിട്ടുണ്ടെന്നും, വാഹനം വായ്പ ഉപയോഗിച്ച് വാഹനം വാങ്ങിയിട്ടുണ്ടെന്നും, വ്യവസ്ഥ പാലിക്കാതെ വാഹന വായ്പ എടുത്ത് സംബന്ധിച്ച ചോദ്യത്തിന് അപേക്ഷ സമർപ്പിച്ച് വാഹനവായ്പ എടുത്തിട്ടുണ്ടെന്നും, നേർകേൾവിയിൽ ശ്രീമതി ശോഭനകുമാരി, മൊഴി നൽകിയിട്ടുള്ളതാണ്)

**7. ശ്രീ. പ്രവീൺ ആർ, ജൂനിയർ ക്ലാർക്ക് (പിരിച്ചുവിട്ടു)**, ബന്ധുക്കൾ ശ്രീമതി താര, ശ്രീ. രാജേന്ദ്രൻ എൻ, ശ്രീമതി അരുന്ധതി, ശ്രീ. പ്രജീൺ ആർ, എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി.എസ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ്പ് | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 1 | EVM MDS 05/2017 | താര | 002004000012 | 11.02.2014 | 46,000 | 46,000 | 36,230 | 82,230 |
| 2 | MDS 08/2009 | പ്രജീൺ ആർ | 001111000009 | 17.12.2011 | 52,000 | 52,000 | 53,787 | 1,05,787 |
| 3 | MDS 5/12 | പ്രജീൺ ആർ | 001135000026 | 13.02.2013 | 2,52,000 | 2,52,000 | 2,05,102 | 4,57,102 |
| 4 | MDS 8/12 | പ്രജീൺ ആർ | 001135000031 | 21.12.2013 | 74,000 | 74,000 | 54,669 | 1,28,669 |
| 5 | MDS 1/11 | രാജേന്ദ്രൻ എൻ | 001121000037 | 13.09.2012 | 47,500 | 47,500 | 46,589 | 94,009 |
| | | | ആകെ | | | | | 8,67,797 |

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പ തുക | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Hire Purchase Loan | താര | 001004000340 | 30.08.2017 | 1,00,000 | 91,231 | 41,364 | 2,017 | 1,34,612 |
| 2 | Medium Term Non Agricultural | പ്രജീൺ ആർ | 001002008180 | 17.03.2014 | 5,00,000 | 5,00,000 | 5,64,657 | 74,897 | 11,39,554 |
| 3 | Hire Purchase Loan | പ്രജീൺ ആർ | 001004000314 | 27.04.2015 | 50,000 | 50,000 | 41,707 | 7,087 | 98,794 |
| 5 | Medium Term Non Agricultural | രാജേന്ദ്രൻ എൻ | 001002008178 | 17.03.2014 | 5,00,000 | 5,00,000 | 5,64,657 | 74,877 | 11,39,534 |
| 6 | Medium Term Non Agricultural | അരുന്ധതി | 001002008179 | 17.03.2014 | 5,00,000 | 5,00,000 | 5,64,657 | 74,887 | 11,39,544 |
| 7 | Hire Purchase Loan | രാജേന്ദ്രൻ എൻ | 001004000283 | 05.02.2013 | 50,000 | 50,000 | 56,149 | 10,401 | 1,16,550 |
| 8 | Hire Purchase Loan | അരുന്ധതി | 001004000268 | 05.07.2012 | 21,200 | 21,200 | 25,431 | 4,781 | 51,412 |
| 9 | Medium Term Non Agricultural | താര | 001002012315 | 05.03.2018 | 25,00,000 | 17,50,014 | 12,01,130 | 97,873 | 30,49,017 |
| | | | ആകെ | | 4221200 | 3462445 | 3059752 | 346820 | 6869017 |

പട്ടിക പ്രകാരം ജി.ഡി.സി.എസ്-ൽ 8,67,797/- രൂപയും വായ്പകളിൽ 68,69,017/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു. ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്നു സംഘത്തിൽ നിന്നും പുറത്താക്കി ശ്രീ പ്രവീൺ ആർ-ന്റെയും ബന്ധുക്കളുടെയും പേരിൽ നിലവിൽ 77,36,914/- കുടിശ്ശിക നിലനിൽക്കുന്നു. സംഘത്തിൽ നിന്നും പുറത്താക്കിയ ജീവനക്കാരന്റെയും ടിയാളുടെ ബന്ധുക്കളുടെയും പേരിൽ

ഭരണസമിതി ടിയാളുകളുടെ തിരിച്ചടവ് ശേഷി പരിഗണിക്കാതെ വായ്പ നൽകിയിട്ടുള്ളതും നാളിതുവരെയായി കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. ജി.ഡി.സി.എസ് വായ്പകൾ യാതെരു ജാമ്യവും സ്വീകരിക്കാതെയാണ് അനുവദിച്ചിട്ടുള്ളത്. വ്യവസ്ഥ പ്രകാരം 50,000/- രൂപ വരെയുള്ള വായ്പകൾക്ക് ആൾ ജാമ്യവും 50,000/-രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് സർക്കാർ അർദ്ധസർക്കാർ വകുപ്പിലെ ജീവനക്കാരുടെ സാലറി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മതിയായ സ്ഥാവര വസ്തു ഈടായി സ്വീകരിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും വായ്പ അനുവദിച്ചിട്ടുള്ളത്. ജി.ഡി.സി.എസ് വായ്പ കരാർ എഴുതാതെ വായ്പ അനുവദിച്ചിരിക്കുന്നത് സംഘം സെക്രട്ടറിയുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

ശ്രീ. രാജേന്ദ്രൻ എൻ, ശ്രീമതി അരുന്ധതി, ശ്രീ. പ്രജീൺ ആർ, എന്നിവരുടെ പേരിലുള്ള 001002008178, 001002008179, 001002008180-ാം നമ്പർ പ്രകാരമുള്ള 15 ലക്ഷം രൂപയുടെ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള ഇരവിപുരം വില്ലേജിലെ ബ്ലോക്ക് നമ്പർ 25, റീസർവ്വേ നമ്പർ 619/3-ൽ പെട്ട വസ്തു 27.09.1984-ലെ 3472-ാം നമ്പർ ഭാഗപത്രം പ്രകാരമുള്ളതും ടി സ്ഥലത്തിന് ഫെയർ വാല്യൂ നിരക്ക് പ്രകാരം ഒരു ആറിന് 1.20 ലക്ഷം രൂപയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളതുമാണ്. എന്നാൽ സംഘം ഭരണസമിതി അംഗങ്ങളായ ശ്രീ. ജെ. രാജു, ശ്രീ. എ. നീലകണ്ഠൻ എന്നിവർ 02.92 ആർ വസ്തുവിന് 36.25ലക്ഷം രൂപ കമ്പോളവില അതായത് ഒര് ആറിന് 12.41ലക്ഷം രൂപയും വസ്തുവിലെ വീടിന് തേയ്മാനം കണക്കാക്കാതെ 9ലക്ഷം രൂപ നിശ്ചയിച്ചും റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ജാമ്യ വസ്തു ഈടായി സ്വീകരിക്കുന്നതിന് നിയമോപദേശം തേടാതെയും 04.03.2014-ലെ 520-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം വായ്പ അനുവദിച്ചിട്ടുള്ളത്. ഈ വായ്പ ക്രമപ്രകാരമല്ല അനുവദിച്ചക് എന്ന് കാണുന്നു.

ടിയാനും ടിയാന്റെ കുടുംബക്കാർക്കും ആകെ 85,26,480/- രൂപ വായ്പകളിൽ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വായ്പക്കാരന്റെ തിരിച്ചടവ് ശേഷി വിലയിരുത്താതെ ടി തുക ടിയാനും കുടുംബക്കാർക്കും വായ്പ നൽകിയത് ഭരണസമിതിയുടെ ഭാഗത്തുള്ള വീഴ്ചയായി കാണുന്നു. ജീവനക്കാരനെ പിരിച്ചുവിട്ടതിന് ശേഷം ടി കുടിശ്ശികകൾ ഈടാക്കിയെടുക്കുന്നതുനുള്ള നടപടികൾ സംഘം സെക്രട്ടറി സമയബന്ധിതമായി സ്വീകരിച്ചില്ലായെന്നും കാണുന്നു.

8. **ശ്രീ. ഷാജിഹാൻ, അറ്റൻഡർ(റിട്ട.31.05.2016)**, ശ്രീമതി സുമം ആർ., എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി.എസ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ്പ് | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 1 | MDS 08/2017 | ഷാജിഹാൻ | 001172000044 | 13.12.2019 | 54,000 | 30,000 | 552 | 30,552 |
| ആകെ | | | | | | | | 30,552 |

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ്പ് | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 1 | Agricultural Gold Loan | 001009000188 | 22.09.2021 | 28,000 | 0 | 81 | 0 | 81 |
| ആകെ | | | | | | | | 81 |

പട്ടിക പ്രകാരം ജി.ഡി.സി.എസ്-ൽ 30,552/- രൂപയും വായ്പകളിൽ 81/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു.

(നാളിതുവരെയുള്ള വായ്പാ കുടിശ്ശിക അടച്ചിട്ടുണ്ടെന്നും, ഭവന നിർമ്മാണ വായ്പ എടുത്ത് വീട് നിർമിച്ചിട്ടുണ്ടെന്നും, വാഹനവായ്പ എടുത്തു ഹോണ്ട ആക്ടീവ വാങ്ങിയിട്ടുണ്ടെന്നും നേർകേൾവിയിൽ ശ്രീ. ഷാജിഹാൻ, മൊഴി നൽകിയിട്ടുള്ളതാണ്)

9. **ശ്രീമതി ചിത്ര, ജൂനിയർ ക്ലാർക്ക് (രാജി)**, ശ്രീ. ശങ്കര പിള്ള, എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി.എസ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ്പ് | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 1 | EVM Branch | ശങ്കരൻ പിള്ള | 002032000020 | 05.07.2021 | 2,28,000 | 0 | 0 | 0 |
| ആകെ | | | | | | | | 0 |

10. **ശ്രീമതി ഗീത, അക്കൗണ്ടന്റ് (റിട്ട.)**, വിജയകുമാർ, എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി.എസ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | മുതൽ ബാക്കി നിൽപ്പ് | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 1 | CHT 20/98 | വിജയകുമാർ | 001021000037 | 10.11.1999 | 20,000 | 0 | 0 | 0 |
| 2 | CHT 10/98 | വിജയകുമാർ | 001024000008 | 10.06.1999 | 20,000 | 0 | 0 | 0 |
| 3 | CHT 10/98 | വിജയകുമാർ | 001024000040 | 22.10.1999 | 20,000 | 0 | 0 | 0 |
| ആകെ | | | | | | | | 0 |

11. **ശ്രീമതി സുഗന്ധി, ജൂനിയർ ക്ലാർക്ക് (രാജി)**, അമൽ പഞ്ചു, ശ്രീമതി സലു എസ്., എന്നിവരുടെ പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പ തുക | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Special Agricultural Gold Loan | അമൽ പഞ്ചു | 001002009668 | 04.08.2020 | 55,000 | 55,000 | 6,268 | 1,049 | 62,317 |
| 2 | Medium Term Non Agricultural | സലു എസ് | 001002014062 | 04.05.2012 | 10,00,000 | 66,668 | 48,973 | 363 | 1,16,004 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | Agricultural Gold Loan | സലു എസ് | 001013000017 | 30.07.2021 | 50,000 | 4167 | 537 | 6 | 4710 |
| | | ആകെ | | | 1105000 | 125835 | 55778 | 1418 | 183031 |

പട്ടിക പ്രകാരം വായ്പകളിൽ 1,83,031/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു.

ശ്രീമതി സലു എസ്-ന്റെ പേരിൽ 29.08.2018-ൽ 001002012775-ാം നമ്പർ അനുവദിച്ച 10 ലക്ഷം രൂപ വായ്പ കാലാവധി പൂർത്തീകരിക്കുന്നതിന് മുന്നേ 04.05.2021-ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അവസാനിപ്പിച്ചിട്ടുള്ളതും അതേ ദിവസം തന്നെ 10 ലക്ഷം രൂപ 001002014062 പ്രകാരം വായ്പ അനുവദിച്ചിട്ടുള്ളതുമാണ്. ഇത്തരത്തിൽ വായ്പയിൽ ഇളവ് അനുവദിച്ച് വായ്പ അവസാനിപ്പിക്കുകയും തുടർന്ന് അതെ തുകയ്ക്ക് വായ്പ അനുവദിച്ചത് മൂലം സംഘത്തിലുണ്ടായ നഷ്ടം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള സമയത്തല്ലാതെ ഇളവ് നൽകി സംഘത്തിന് ഉണ്ടായ നഷ്ടം കണക്കാക്കിയ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും തിരികെ ഈടാക്കുവാൻ ശുപാർശ ചെയ്തിട്ടുള്ളതുമാണ്.

ശ്രീമതി സലു എസ്-ന്റെ പേരിലുള്ള 001002014062-ാം നമ്പർ പ്രകാരമുള്ള 10 ലക്ഷം രൂപയുടെ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള മയ്യനാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 27, റീസർവ്വേ നമ്പർ 16/11/1, 16/13/1-ൽ പെട്ടതും 23.07.2013- ധനനിശ്ചയാധാര പ്രകാരം 2,25,000/- രൂപ മതിപ്പുവിലയുള്ളതുമായ വസ്തുവിന് ഫെയർ വാല്യൂ നിരക്ക് പ്രകാരം ഒരു ആറിന് 1ലക്ഷം രൂപയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംഘം ഭരണസമിതി അംഗങ്ങളായ ശ്രീമതി ലൈല, 02.93 ആർ വസ്തുവിന് 31ലക്ഷം രൂപ കമ്പോളവില അതായത് ഒര് ആറിന് 10.58ലക്ഷം രൂപ നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും 04.03.2014-ലെ 520-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം വായ്പ അനുവദിച്ചിട്ടുള്ളത്. ആയതിൽ നിന്നും വായ്പ ക്രമപ്രകാരമല്ല അനുവദിച്ചത് എന്ന് കാണുന്നു.

12. **ശ്രീ. ശ്യാം കുമാർ, ജൂനിയർ ക്ലാർക്ക് (രാജി)**-യുടെ പേരിൽ സംഘത്തിൽ നിലവിൽ ബാധ്യതകൾ ഒന്നും തന്നെ ഇല്ല.

13. **ശ്രീമതി സൂര്യ, ജൂനിയർ ക്ലാർക്ക് (രാജി)**-യുടെ പേരിൽ സംഘത്തിൽ നിലവിൽ ബാധ്യതകൾ ഒന്നും തന്നെ ഇല്ല.

14. **ശ്രീ സദാശിവൻ ബി. അപ്രൈസർ (റിട്ട. 30.11.2015)** ഭാര്യ ശ്രീമതി സുദേവി ആർ., അമ്മ ശ്രീമതി ജാനമ്മ പി. എന്നിവരുടെ പേരിൽ 29.11.2021-ൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഡി.സി.എസ്

| ക്രമ നമ്പർ | ജി.ഡി.സി. എസ് നമ്പർ | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പ തുക | മുതൽ കുടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | MDS 02/2015 | സുദേവി ആർ | 001154000042 | 09.04.2015 | 210000 | 156000 | 69402 | 5045 | 230447 |
| 2 | MDS 04/2014 | സുദേവി ആർ | 001148000037 | 11.09.2014 | 22500 | 22500 | 11916 | 2075 | 36491 |
| 3 | MDS 08/2017 | സുദേവി ആർ | 001172000024 | 17.07.2018 | 210000 | 114000 | 10215 | 5045 | 129260 |
| 4 | CHT 23/97 | സദാശിവൻ ബി | 001033000027 | 08.01.2001 | 10000 | 0 | 0 | 0 | 0 |
| 5 | CHT 11/96 | സദാശിവൻ ബി | 001053000034 | 29.03.2000 | 10000 | 0 | 0 | 0 | 0 |
| 6 | Medium Term Non Agricultural Loan | ജാനമ്മ പി | 001002001809 | 22.11.2006 | 300000 | 300000 | 374952 | 86226 | 761178 |
| | | ആകെ | | | 762500 | 592500 | 466485 | 98391 | 1157376 |

മുകളിലെ പട്ടിക പ്രകാരം വായ്പകളിൽ 11,57,376/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു.

ശ്രീമതി ജാനമ്മ പി-യുടെ 001002001809-ാം നമ്പർ പ്രകാരമുള്ള 3 ലക്ഷം രൂപയുടെ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള മയ്യനാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 26, റീസർവ്വേ നമ്പർ 107/2, 107/3-ൽ പെട്ട വസ്തു 21.02.1952-ലെ 1049-ാം അധാര പ്രകാരം ചമച്ചിട്ടുള്ളതും ടി സ്ഥലത്തിന് ഫെയർ വാല്യൂ നിരക്ക് പ്രകാരം ഒരു ആറിന് 40,000/- രൂപയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. സംഘം ഭരണസമിതി അംഗങ്ങളായ ശ്രീമതി സരേജനി അമ്മ, 8.20ആർ വസ്തുവിന് 8 ലക്ഷം രൂപ കമ്പോളവില അതായത് ഒര് ആറിന് ഒരുലക്ഷം രൂപ നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും 31.10.2006-ലെ 1037-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരവും വായ്പ അനുവദിച്ചിട്ടുള്ളതാണ്.

(ഉടൻ തന്നെ വായ്പയിലെ കുടിശ്ശിക അടച്ചു തീർക്കാമെന്ന് നേർകേൾവിയിൽ ശ്രീ സദാശിവൻ ബി, മൊഴി നൽകിയിട്ടുള്ളതാണ്)

**9. സംഘത്തിൽ ദിവസ വേതനത്തിൽ ജോലി ചെയ്യുന്നവരുടെ (വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ) സംബന്ധിച്ച്**

1. **ശ്രീ. കിഷോർ, (ദിവസ വേതനത്തിൽ ജോലി ചെയ്യുന്നു)** പേരിൽ സംഘത്തിൽ നിലവിൽ ബാധ്യതകൾ ഒന്നും തന്നെ ഇല്ല.

2. **ശ്രീ. അഷ്റഫ്, (ദിവസ വേതനത്തിൽ ജോലി ചെയ്യുന്നു)** പേരിൽ സംഘത്തിൽ നിലനിൽക്കുന്ന ഇടപാടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വായ്പകൾ

| ക്രമ നമ്പർ | വായ്പാ തരം | പേര് | വായ്പ നമ്പർ | വായ്പാ തിയതി | വായ്പ തുക | മുതൽ കടിശ്ശിക | പലിശ കുടിശ്ശിക | മറ്റിനം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | Special Agricultural Gold Loan | അഷ്റഫ് | 001002014682 | 17.08.2021 | 36000 | 0 | 684 | 0 | 684 |
| 2 | Special Agricultural | അഷ്റഫ് | 001002015139 | 20.09.2021 | 42000 | 0 | 404 | 0 | 404 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | Gold Loan | | | | | | | | |
| 3 | Special Agricultural Gold Loan | അഷ്റഫ് | 001002015393 | 06.10.2021 | 54000 | 0 | 306 | 0 | 306 |
| 4 | Special Agricultural Gold Loan | അഷ്റഫ് | 001002015812 | 28.10.2021 | 60000 | 0 | 222 | 0 | 222 |
| 5 | Medium Term Non Agricultural | അഷ്റഫ് | 001002014112 | 04.08.2021 | 400000 | 13334 | 11781 | 44 | 25159 |
| 6 | Medium Term Non Agricultural | റഹീമ | 001002014113 | 04.08.2021 | 820000 | 27334 | 24151 | 90 | 51575 |
| ആകെ | | | | | 1412000 | 40668 | 37548 | 134 | 78350 |

ശ്രീ. അഷ്റഫ്, ശ്രീമതി റഹീമ, എന്നിവരുടെ പേരിലുള്ള 001002014112, 001002014113-ാം നമ്പർ പ്രകാരമുള്ള 12.20 ലക്ഷം രൂപയുടെ വായ്പയ്ക്ക് ഈടായി സ്വീകരിച്ചിട്ടുള്ള മയ്യനാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 26, റീസർവ്വേ നമ്പർ 109/13-1-3-ൽ പെട്ട സ്ഥലത്തിന് ഫെയർ വാല്യൂ നിരക്ക് പ്രകാരം ഒരു ആറിന് 50,000 രൂപയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംഘം ഭരണസമിതി അംഗങ്ങളായ ശ്രീമതി സന്ധ്യാ സുരേഷ്, ശ്രീ. വി. സുന്ദരൻ എന്നിവർ 02.20 ആർ വസ്തുവിന് 20ലക്ഷം രൂപ കമ്പോളവില അതായത് ഒര് ആറിന് 9.09 ലക്ഷം രൂപ നിശ്ചയിച്ചും ജാമ്യ വസ്തുവിലെ വീടിന് 25 ലക്ഷം രൂപ നിശ്ചയിച്ചും റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 11.06.2021-ലെ 101-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം വായ്പ അനുവദിച്ചിട്ടുള്ളത്. ആയതിൽ നിന്നും വായ്പ ക്രമപ്രകാരമല്ല അനുവദിച്ചത് എന്ന് കാണുന്നു.

3. **ശ്രീ. സലാഹുദ്ദീൻ, (ദിവസ വേതനത്തിൽ ജോലി ചെയ്യുന്നു)** പേരിൽ സംഘത്തിൽ നിലവിൽ ബാധ്യതകൾ ഒന്നും തന്നെ ഇല്ല.

4. **ശ്രീ. മഞ്ജിത്, (ദിവസ വേതനത്തിൽ ജോലി ചെയ്യുന്നു)** പേരിൽ സംഘത്തിൽ നിലവിൽ ബാധ്യതകൾ ഒന്നും തന്നെ ഇല്ല.

5. **ശ്രീ. ഹരികൃഷ്ണൻ, (ദിവസ വേതനത്തിൽ ജോലി ചെയ്യുന്നു)** പേരിൽ സംഘത്തിൽ നിലവിൽ ബാധ്യതകൾ ഒന്നും തന്നെ ഇല്ല.

6. **വിജയൻ, (ദിവസ വേതനത്തിൽ ജോലി ചെയ്യുന്നു)** പേരിൽ സംഘത്തിൽ നിലവിൽ ബാധ്യതകൾ ഒന്നും തന്നെ ഇല്ല.

സംഘത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ പാടില്ല എന്ന നിർദ്ദേശം പാലിക്കാതെ നടത്തിയ താൽക്കാലിക നിയമനങ്ങൾ ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് ശുപാർശ ചെയ്യുന്നു

ഇത്തരത്തിൽ സംഘത്തിലെ ജീവനകാരും ബന്ധുക്കളും എടുത്തിട്ടുള്ള ആകെ വായ്പയുടെ പട്ടിക മുകളിലെ പട്ടികകളിൽ നിന്നും ക്രോഡീകരിച്ചത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | ജീവനക്കാരനും ബന്ധുക്കൾക്കുമായി ആകെ നൽകിയ വായ്പാ | വായ്പ കുടിശ്ശിക മുതലും പലിശയും | ജി.ഡി.സി.എസ് കുടിശ്ശിക |
|---|---|---|---|---|
| 1 | ശ്രീ. നവാസ് എ | 729429 | 1043694 | 1008924 |
| 2 | ശ്രീ. ലാലി.എൻ | 168800 | 47972 | 35137 |
| 3 | ശ്രീ ഹാഷിം.എ | 98150 | 149613 | 0 |
| 4 | ശ്രീ. സന്തോഷ് കുമാർ.കെ | 25000 | 0 | 0 |
| 5 | ശ്രീ സിത്ത് എസ്.ഡി | 5757680 | 6382179 | 0 |
| 6 | ശ്രീ ബിനു കെ.എസ് | 365500 | 3135 | 0 |
| 7 | ശ്രീ. അജികുമാർ. എ | 795000 | 490815 | 74653 |
| 8 | ശ്രീമതി ഷൈനി ടി.എം | 2084900 | 267967 | 0 |
| 9 | ശ്രീ. ഫ്രാൻസിസ്.വൈ | 162000 | 121780 | 0 |
| 10 | ശ്രീ. പ്രസന്നൻ ബി | 61400 | 983 | 0 |
| 11 | ശ്രീ. സന്തോഷ് കുമാർ എസ് | 0 | 0 | 5000 |
| 12 | ശ്രീ. മണികണ്ഠൻ എസ് | 545000 | 10510 | |
| 13 | ശ്രീമതി സുവർണ്ണ | 843500 | 14198 | 0 |
| 14 | ശ്രീമതി സിമി | 297000 | 9615 | |
| 15 | ശ്രീമതി ആശ | 376900 | 4928 | 10000 |
| 16 | ശ്രീ. സുകുലാൽ എം | 715000 | 505762 | 136588 |
| 17 | ശ്രീ. അനർഷ കെ ജി | 1825500 | 32791 | 10136 |
| 18 | ശ്രീ. സിസിർ രവി | 596300 | 279891 | 98094 |
| 19 | ശ്രീ. സിജോ മൈക്കൾ | 2880300 | 554778 | 10071 |
| 20 | ശ്രീമതി ബിജിമോൾ പി | 250000 | 6875 | 36854 |
| 21 | ശ്രീമതി അർച്ചന എസ് | 4000 | 0 | 27 |
| 22 | ശ്രീമതി വിജി എസ് എസ് | 304000 | 735 | 0 |
| 23 | ശ്രീമതി വിനീത സി | 48000 | 184 | 0 |
| 24 | ശ്രീ. രാധാകൃഷ്ണൻ എസ് | 7895000 | 7082914 | 0 |
| 25 | ശ്രീമതി ശ്രീലത.എസ് | 105000 | 107916 | |
| 26 | ശ്രീമതി പ്രേമകുമാരി | 445500 | 170240 | 55296 |
| 27 | ശ്രീ. ചന്ദ്രബാബു | 2046524 | 877912 | 486161 |
| 28 | ശ്രീ. ചന്ദ്രസേനൻ | 3476524 | 1926638 | 696925 |
| 29 | ശ്രീ. ഷെരീഫ് | 2069061 | 2374063 | 0 |
| 30 | ശ്രീമതി ശോഭനകുമാരി | 649234 | 54097 | 40246 |
| 31 | ശ്രീ. പ്രവീൺ ആർ | 4221200 | 6869017 | 867797 |
| 32 | ശ്രീ. ഷാജിഹാൻ | 28000 | 81 | 30552 |
| 33 | ശ്രീമതി സുഗന്ധി | 1105000 | 183031 | 0 |
| 34 | ശ്രീ സദാശിവൻ ബി | 762500 | 1157376 | 0 |
| 35 | ശ്രീ. അഷ്റഫ് | 1412000 | 78350 | 0 |
| | | 43148902 | 30810040 | 3602461 |

ജീവനക്കാർക്കും ബന്ധുക്കൾക്കുമായി ആകെ 4,31,48,902/- രൂപ വായ്പ നൽകിയിട്ടുള്ളതായും ആയതിൽ 3,08,10,040/- രൂപ കുടിശ്ശികയുമാണ് കൂടാതെ ജി.ഡി.സി.എസ്- വായപകളിൽ 36,02,461/- രൂപയും കുടിശ്ശിക നിലനിൽക്കുന്നു. ആയതിൽനിന്നും ജീവനക്കാർക്കും ബന്ധുക്കൾക്കും ഭരണസമിതി ക്രമപ്രകാരമല്ലാതെ

വായ്പ നൽകിയിട്ടുള്ളതായും കുടിശ്ശികക്കാർക്കെതിരെ നിയമ നടപടി സ്വീകരിച്ച് കുടിശ്ശിക തുക ഈടാക്കി എടുക്കുന്നതിലും വീഴ്ച വരുത്തിയിട്ടുള്ളതായും കാണുന്നു

**10. ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ**

ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ ഉപനിബന്ധന വ്യവസ്ഥ 5 പ്രകാരം വായ്പ വീട് വാങ്ങുന്നതിനോ, നിർമ്മിക്കുന്നതിനോ അനുവദിക്കുന്നതാണെന്നും, വ്യവസ്ഥ 8 പ്രകാരം ജീവനക്കരന്റെ സേവനകാലയളവിൽ ഒരു തവണ മാത്രം വായ്പ അനുവദിക്കുമെന്നും, വ്യവസ്ഥ 18 പ്രകാരം ഭവന നിർമ്മാണത്തിന് വായ്പ തുക മൂന്ന് തവണയായ് നൽകണമെന്നും ഓരോ തവണയുടേയും വിനിയോഗം വിലയിരുത്തി മാത്രം അടുത്ത തവണ നൽകണമെന്നും, വ്യവസ്ഥ 20 പ്രകാരം വീട്പണി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഭവന നിർമ്മാണ വായ്പ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ സംഘത്തിൻ്റെ ഉപനിബന്ധന അനുശാസിക്കുന്ന തരത്തിൽ വായ്പ അനുദിച്ചിട്ടില്ലായെന്നും വായ്പ്പകൾ സംബന്ധിച്ച രേഖകൾ സെക്രട്ടറി സമാഹകരിച്ച് സംഘത്തിൽ സൂക്ഷിച്ചിട്ടുള്ളതായും കാണുന്നില്ല. ആയതിൽ നിന്നും ഭവന നിർമ്മാണ വായ്പ ക്രമപ്രകാരമല്ല നൽകിയത് എന്ന് കാണുന്നു. കൂടാതെ വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 8/2010 നമ്പർ സർക്കുലറിനും 17/2015 നമ്പർ സർക്കുലറിനും വിധേയമായി പലിശ നിരക്ക് കണക്കാക്കിയിട്ടുമില്ല.

സംഘത്തിന്റെ ഭവന വായ്പ ഉപനിർബന്ധ വ്യവസ്ഥ 8 പ്രകാരം ജീവനക്കരന്റെ സേവനകാലയളവിൽ ഒരു തവണ മാത്രം വായ്പ അനുവദിക്കുമെന്ന പാലിച്ചിട്ടില്ലത്തതായി കാണുന്നു. ടി വ്യവസ്ഥ പാലിക്കാതെ വായ്പ അനുവദിച്ചതിനാൽ നൽകിയ ആദ്യ വായ്പയെ ഭവന നിർമ്മാണ വായ്പയായ് കണക്കാക്കിയും തുടർന്നനുവദിച്ച വായ്പകളെ മോർട്ട്ഗേജ് വായ്പയായും കണക്കാക്കി കാലാകാലങ്ങളിൽ നിലനിന്നിട്ടുള്ള ഉപനിബന്ധനകൾ പ്രകാരം പലിശ പുനർനിർണ്ണയിച്ച് കണക്കാക്കിയപ്പോൾ ഓരോ ജീവനക്കരന്റെയും വായ്പയിൽ നിലനിൽക്കുന്ന തുകകൾ ചുവടെ ചേർക്കുന്നു. (ഭവന വായ്പ നൽകിയപ്പോൾ ആദ്യം അനുവദിച്ച വായ്പാനമ്പരിൽ തന്നെ അടുത്തവായ്പയും ഉൾപ്പെടുത്തി നൽകിയതിനാൽ പുനർനിർണ്ണയിച്ചപ്പോൾ ആദ്യ വായ്പ, തിരിച്ചിടച്ച തവണ തുകകൾ പ്രകാരം പൂർണ്ണമായും അവസാനിപ്പിച്ചതിന് ശേഷം ബാക്കി തവണ തുകകൾ തുടർന്ന് നൽകിയ വായ്പകളിൽ വരവ് വച്ചിട്ടില്ലതാണ്.)

1. ശ്രീ. രാധാകൃഷ്ണൻ എസ്, സെക്രട്ടറി (ഭവന വായ്പ നമ്പർ -1)

| ക്രമ നമ്പർ | വായ്പ തീയതി | തുക | ഈടാക്കിയ പലിശ നിരക്ക് | ഈടാക്കേണ്ട പലിശ നിരക്ക് | പുനർ നിർണ്ണയിച്ചപ്പോൾ വായ്പ അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | 21/02/2002 | 126000 | 7.50% | 7.50% | 31/12/2014 |
| 2 | 08/03/2002 | 63000 | 7.50% | 7.50% | |
| 3 | 06/04/2002 | 21000 | 7.50% | 7.50% | |
| 4 | 26/10/2007 | 140000 | 7.50% | 12% | 31/08/2018 |
| 5 | 23/04/2011 | 150000 | 7.50% | 13% | 17/09/2021 |

| | | | | | |
|---|---|---|---|---|---|
| 6 | 07/01/2016 | 500000 | 7.50% | 14% | 4,12,024 രൂപ മുതൽ ബാക്കിനിൽക്കുന്നു |

വായ്പകൾ പുനർനിർണ്ണയിച്ചപ്പോൾ അവസാനം നൽകിയ വായ്പ കണക്കിൽ 17/09/2021-ൽ 4,12,024/- രൂപ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്നതായി കാണുന്നു. ആയതിനാൽ 18/09/2021 മുതൽ ഈടാക്കുന്ന തീയതിവരെ ബാക്കി നിൽക്കുന്ന മുതൽ തുകയായ 4,12,024/- രൂപയും ആയതിന് 14% നിരക്കിൽ പലിശയും കണക്കാക്കി ശ്രീ. രാധാകൃഷ്ണൻ എസ്-ൽ നിന്നും ഈടാക്കി എടുക്കുവാനും ടിയാനിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം വായ്പ നൽകിയ കാലങ്ങളിലെ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശചെയ്യുന്നു. (അനുബന്ധം - 3)

2. ശ്രീ. ചന്ദ്രബാബു കെ. എസ്, സെക്രട്ടറി (റിട്ട) (ഭവന വായ്പ നമ്പർ -2)

| ക്രമ നമ്പർ | വായ്പ തീയതി | തുക | ഈടാക്കിയ പലിശ നിരക്ക് | ഈടാക്കേണ്ട പലിശ നിരക്ക് | പുനർ നിർണ്ണയിച്ചപ്പോൾ വായ്പ അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | 21/02/2002 | 150000 | 7.50% | 7.50% | 30/04/2013 |
| 2 | 08/03/2002 | 75000 | 7.50% | 7.50% | |
| 3 | 06/04/2002 | 25000 | 7.50% | 7.50% | |
| 4 | 26/10/2007 | 100000 | 7.50% | 12% | 31/10/2014 |
| 5 | 06/08/2010 | 150000 | 7.50% | 11% | 31/10/2016 |
| 6 | 07/01/2016 | 500000 | 7.50% | 14% | 1,03,993 രൂപ മുതൽ ബാക്കിനിൽക്കുന്നു |

വായ്പകൾ പുനർനിർണ്ണയിച്ചപ്പോൾ അവസാനം നൽകിയ വായ്പ കണക്കിൽ 17/02/2018-ൽ 1,03,993/- രൂപ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്നതായി കാണുന്നു. ആയതിനാൽ 18/02/2018 മുതൽ ഈടാക്കുന്ന തീയതിവരെ ബാക്കി നിൽക്കുന്ന മുതൽ തുകയായ 1,03,993/- രൂപയും ആയതിന് 14% നിരക്കിൽ പലിശയും കണക്കാക്കി ശ്രീ. ചന്ദ്രബാബു കെ. എസ്-ൽ നിന്നും ഈടാക്കി എടുക്കുവാനും ടിയാനിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം വായ്പ നൽകിയ കാലങ്ങളിലെ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശചെയ്യുന്നു. (അനുബന്ധം - 4)

3. ശ്രീമതി പ്രേമകുമാരി. കെ (റിട്ട) (ഭവന വായ്പ നമ്പർ -3)

| ക്രമ നമ്പർ | വായ്പ തീയതി | തുക | ഈടാക്കിയ പലിശ നിരക്ക് | ഈടാക്കേണ്ട പലിശ നിരക്ക് | പുനർ നിർണ്ണയിച്ചപ്പോൾ വായ്പ അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | 21/02/2002 | 150000 | 7.50% | 7.50% | 30/04/2013 |
| 2 | 08/03/2002 | 75000 | 7.50% | 7.50% | |
| 3 | 06/04/2002 | 25000 | 7.50% | 7.50% | |
| 4 | 26/10/2007 | 100000 | 7.50% | 12% | 29/02/2016 |
| 5 | 09/08/2010 | 150000 | 7.50% | 11% | 31/01/2017 |
| 6 | 25/01/2016 | 500000 | 7.50% | 14% | 2,44,079 രൂപ മുതൽ ബാക്കിനിൽക്കുന്നു |

വായ്പകൾ പുനർനിർണ്ണയിച്ചപ്പോൾ അവസാനം നൽകിയ വായ്പ കണക്കിൽ 04/09/2018-ൽ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന 2,44,079/- രൂപ 04/09/2018 മുതൽ ഈടാക്കുന്ന തീയതിവരെ 14% നിരക്കിൽ പലിശ

കണക്കാക്കി മുതലും പലിശയും ശ്രീമതി പ്രേമകുമാരി. കെ-ൽ നിന്നും ഈടാക്കി എടുക്കുവാനും, ടിയാനിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം വായ്പ നൽകിയ കാലങ്ങളിലെ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശചെയ്യുന്നു. (അനുബന്ധം - 5)

4. ശ്രീ. ഷെരീഫ് കെ എ. (റിട്ട) (ഭവന വായ്പ നമ്പർ -4)

| ക്രമ നമ്പർ | വായ്പ തീയതി | തുക | ഈടാക്കിയ പലിശ നിരക്ക് | ഈടാക്കേണ്ട പലിശ നിരക്ക് | പുനർ നിർണ്ണയിച്ചപ്പോൾ വായ്പ അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | 21/02/2002 | 100000 | 7.50% | 7.50% | 30/06/2011 |
| 2 | 08/03/2002 | 48000 | 7.50% | 7.50% | |
| 3 | 06/04/2002 | 16000 | 7.50% | 7.50% | |
| 4 | 26/10/2007 | 180000 | 7.50% | 12% | 1,19,341 രൂപ മുതൽ ബാക്കിനിൽക്കുന്നു |

വായ്പകൾ പുനർനിർണ്ണയിച്ചപ്പോൾ അവസാനം നൽകിയ വായ്പ കണക്കിൽ 31/12/2016-ൽ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന 1,19,341/- രൂപ 01/01/2017 മുതൽ ഈടാക്കുന്ന തീയതിവരെ 12% നിരക്കിൽ പലിശ കണക്കാക്കി മുതലും പലിശയും ശ്രീ. ഷെരീഫ് കെ എ-യിൽ നിന്നും ഈടാക്കി എടുക്കുവാനും, ടിയാനിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം വായ്പ നൽകിയ കാലങ്ങളിലെ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശചെയ്യുന്നു. (അനുബന്ധം - 6)

5. ശ്രീമതി ഗിരിജാകുമാരി. എം (റിട്ട) (ഭവന വായ്പ നമ്പർ -5)

| ക്രമ നമ്പർ | വായ്പ തീയതി | തുക | ഈടാക്കിയ പലിശ നിരക്ക് | ഈടാക്കേണ്ട പലിശ നിരക്ക് | പുനർ നിർണ്ണയിച്ചപ്പോൾ വായ്പ അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | 02/09/2002 | 150000 | 7.50% | 7.50% | 30/03/2013 |
| 2 | 11/12/2002 | 75000 | 7.50% | 7.50% | |
| 3 | 29/05/2003 | 25000 | 7.50% | 7.50% | |
| 4 | 26/10/2007 | 100000 | 7.50% | 12% | 29/02/2016 |
| 5 | 13/09/2010 | 150000 | 7.50% | 11% | 31/01/2017 |
| 6 | 02/02/2016 | 400000 | 7.50% | 14% | 1,88,222/- രൂപ മുതൽ ബാക്കിനിൽക്കുന്നു |

വായ്പകൾ പുനർനിർണ്ണയിച്ചപ്പോൾ അവസാനം നൽകിയ വായ്പ കണക്കിൽ 28/02/2018-ൽ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന 1,88,222/- രൂപയ്ക്ക് 29/02/2018 മുതൽ ഈടാക്കുന്ന തീയതിവരെ 12% നിരക്കിൽ പലിശയും കണക്കാക്കി മുതലും പലിശയും ശ്രീമതി ഗിരിജാകുമാരി എം-ൽ നിന്നും ഈടാക്കി എടുക്കുവാനും, ടിയാനിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം വായ്പ നൽകിയ കാലങ്ങളിലെ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശചെയ്യുന്നു. (അനുബന്ധം - 7)

6. ശ്രീമതി ശോഭനകുമാരി ഡി. (റിട്ട) (ഭവന വായ്പ നമ്പർ -6)

| ക്രമ നമ്പർ | വായ്പ തീയതി | തുക | ഈടാക്കിയ പലിശ നിരക്ക് | ഈടാക്കേണ്ട പലിശ നിരക്ക് | പുനർ നിർണ്ണയിച്ചപ്പോൾ വായ്പ അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | 04/09/2002 | 120000 | 7.50% | 7.50% | 30/10/2010 |
| 2 | 05/10/2005 | 60000 | 7.50% | 12% | 31/12/2013 |
| 3 | 08/03/2006 | 20000 | 7.50% | | |
| 4 | 26/10/2007 | 150000 | 7.50% | 12% | 04/09/2018 |
| 5 | 28/03/2012 | 150000 | 7.50% | 16% | 1,50,000/- രൂപ മുതലും 1,22,953/- രൂപ പലിശയും ബാക്കിനിൽക്കുന്നു |

വായ്പകൾ പുനർനിർണ്ണയിച്ചപ്പോൾ അവസാനം നൽകിയ വായ്പ കണക്കിൽ 04/09/2018-ൽ പലിശ ഇനത്തിൽ ബാക്കി നിൽക്കുന്ന 1,22,953/- രൂപയും മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന 1,50,000/- രൂപയ്ക്ക് 05/09/2018 മുതൽ ഈടാക്കുന്ന തീയതിവരെ 16% നിരക്കിൽ പലിശയും കണക്കാക്കി മുതലും പലിശയും ശ്രീമതി ശോഭനകുമാരി ഡി-ൽ നിന്നും ഈടാക്കി എടുക്കുവാനും, ടിയാനിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം വായ്പ നൽകിയ കാലങ്ങളിലെ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശചെയ്യുന്നു. (അനുബന്ധം - 8)

7. ശ്രീ. ചന്ദ്രസേനൻ ബി. (റിട്ട) (ഭവന വായ്പ നമ്പർ -7)

| ക്രമ നമ്പർ | വായ്പ തീയതി | തുക | ഈടാക്കിയ പലിശ നിരക്ക് | ഈടാക്കേണ്ട പലിശ നിരക്ക് | പുനർ നിർണ്ണയിച്ചപ്പോൾ വായ്പ അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | 08/10/2002 | 120000 | 7.50% | 7.50% | 31/08/2012 |
| 2 | 13/11/2002 | 60000 | 7.50% | 7.50% | |
| 3 | 17/01/2003 | 20000 | 7.50% | 7.50% | |
| 4 | 26/10/2007 | 110000 | 7.50% | 12% | 01/07/2015 |
| 5 | 25/04/2011 | 190000 | 7.50% | 13% | 1,83,052/- രൂപ മുതൽ ബാക്കിനിൽക്കുന്നു |

വായ്പകൾ പുനർനിർണ്ണയിച്ചപ്പോൾ അവസാനം നൽകിയ വായ്പ കണക്കിൽ 28/02/2018-ൽ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന 1,83,052/- രൂപയ്ക്ക് 28/02/2018 മുതൽ ഈടാക്കുന്ന തീയതിവരെ 13% നിരക്കിൽ പലിശയും കണക്കാക്കി മുതലും പലിശയും ശ്രീ. ചന്ദ്രസേനൻ ബി-ൽ നിന്നും ഈടാക്കി എടുക്കുവാനും, ടിയാനിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം വായ്പ നൽകിയ കാലങ്ങളിലെ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശചെയ്യുന്നു. (അനുബന്ധം - 9)

8. ശ്രീമതി ശ്രീലത.എസ്, അസിസ്റ്റന്റ് സെക്രട്ടറി (ഭവന വായ്പ നമ്പർ -8)

| ക്രമ നമ്പർ | വായ്പ തീയതി | തുക | ഈടാക്കിയ പലിശ നിരക്ക് | ഈടാക്കേണ്ട പലിശ നിരക്ക് | പുനർ നിർണ്ണയിച്ചപ്പോൾ വായ്പ അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | 30/10/2003 | 120000 | 7.50% | 7.50% | 29/02/2012 |
| 2 | 29/12/2007 | 125000 | 7.50% | 12% | 30/03/2019 |
| 3 | 05/02/2008 | 105000 | 7.50% | | |
| 4 | 21/03/2013 | 150000 | 7.50% | 16% | 59,561/-രൂപ മുതൽ ബാക്കിനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 5 | 16/03/2016 | 500000 | 7.50% | 14% | 5,00,000/- രൂപ മുതലും 3,93,918/- രൂപ പലിശയും ബാക്കിനിൽക്കുന്നു |

